# മാനസപൂജ

(1980)

## ഉള്ളടക്കം


- പ്രണതബാഷ്പം*
- പത്മപാദൻ*
- സന്നിധിയിൽ
- കടകോൽത്തുളയിലൂടെ
- രണ്ടു രാത്രികൾ
- രക്തപ്രസാദം
- നിരത്തിലെ നിമിഷം
- വിഷുപ്രമോദം
- കുംഭീപാകം
- പല്ലുകുത്തി
- സംശയം
- ആകാശകുസുമം
- ചക്രം
- ഭാഗ്യവാൻ
- ദാമോദരൻ
- പ്രതിമാപ്രബോധം
- അസഹ്യത
- നരനായിങ്ങനെ
- വിശ്വാസം
- അക്ഷരകഥ
- ചിരഞ്ജീവി
- വേടൻ
- തൊഴുത്തിലെ മൗനം
- ജ്യോതിർലിംഗം
- പരീക്ഷ
- ഏകാവലംബം
- പുഷ്പകവിമാനത്തിൽ
- ചമ്മട്ടിയില്ല
- വീടു വേണമോ?
- കാലഹൃദയം
- ശംഖിൽനിന്ന് ഒരു പുഴ
- ചർവ്വിതചർവ്വണം
- ഒരു നാടോടിക്കഥ
- ക്വ ഭവാൻ?
- ക്ഷീരപഥനിർവൃതി
- വിദ്യാരംഭം
- പ്രാണായാമം
- മലകയറ്റം
- പുതിയ പുരാവൃത്തം
- ഹംസവും പുലിയും കൊറ്റനാടും
- മഞ്ചൽക്കാർ
- കേരളത്തപ്പൻ
- കടക്കാരൻ
- കല്ലുടക്കുന്നവർ
- ചന്തപ്പടിക്കൽ
- ഭാഗ്യവതി
- കാലത്തിന്റെ കടങ്കഥ
- കുറ്റിപ്പുറസ്മരണ
- എക്സ്റേ
- ദിവാസ്വപ്നം
- നിളയിലെ നിർവൃതി
- ഭാരതപ്പുഴയിൽ
- ഹോരയും ഞാനും
- പിപീലിക
- നൂൽപ്പാലം
- സ്വാമിയാർ മുത്തപ്ഫൻ
- വിപര്യയം
- ഒരോണപ്പാട്ട്
- അൾസേഷ്യന്റെ കുര
- ഗജപ്രണയം
- സംയമം
- മുത്തച്ഛന്റെ മുത്തം
- അപരാധബോധം
- മാതൃസന്നിധിയിൽ
- മാസ്റ്റർ
- സീതത്താളി
- കുളിയും കുറിയും
- ബൃഹത്സത്യം
- പരിദേവനം
- കുട്ട്യാറാണന്റെ മുണ്ട്

## പ്രണതബാഷ്പം*

പ്രാതലിന്നിടയിൽബ്ഭവാൻ മുഴു–

മിച്ചു ജീവിതയാത്രയെ–
ന്നോതി വാസരമെത്തവേ, വെടി–
കൊണ്ട സൂകരമായി ഞാൻ
വീതബോധമിരച്ചുപാഞ്ഞു കി–
തച്ചുവന്നു തവാംഘ്രിയിൽ
കേതുപൂണ്ട പതാകയായ് നിപ–
തിച്ചതിപ്പൊഴുമോർപ്പു ഞാൻ.

എന്നിനിത്തല പൊക്കി നോക്കിടുമി–
ജ്ജഗത്തിനു നേരെ ഞാൻ,
എന്നു വറ്റിടുമെന്റെ കണ്ണിലു–
റന്നിടും ബഡവാഗ്നികൾ,
എന്നു ഞാനറിയും ഭവാൻ നര–
കാഗ്നി താണ്ടിയ നാൾകളിൽ–
ത്തന്നെയും മിഴിനീരൊലിക്കറ
തീണ്ടിടാതെ ചിരിച്ചതും?

എത്ര തെറ്റുകളാണറിഞ്ഞുമ–
റിഞ്ഞിടാതെയുമിജ്ജഗൽ–
ച്ചിത്രയാത്രയിലെന്റെ മൂഢത
ചെയ്തതെന്നറിവില്ല മേ;
തത്തിയില്ലതിലൊന്നുമുജ്ജ്വല–
ചക്രവാളസമം ഭവൽ–
ചിത്തശുദ്ധിയിലെന്നുമാത്രമ–
റിഞ്ഞിരുന്നു സദാപി ഞാൻ.

## പത്മപാദൻ*

അദ്ദേഹത്തിൻ വേർപാ–

ടവിഷഹ്യം; പദ്മപാദനീ ഞാനോ?
ഗുരുചരണത്തിൽ നമിച്ചി–
ട്ടൊരുമട്ടെന്നശ്രു ഞാൻ മറയ്ക്കട്ടെ.

അദ്ദേഹത്തിൻ സ്നേഹം
പ്രസരിച്ചുംകൊണ്ടിരുന്ന ലോകത്തിൽ
ഏതൊരു കണ്ണീരാറ്റിൻ
കടവത്തും ഞാനധീരനായില്ല.

അദ്ദേഹത്തിൻ വിളി കേ–
ട്ടലകളിലൂടെക്കിതച്ച കാൽക്കീഴിൽ
തത്തന്നിമിഷോദ്ഭിന്ന–
ത്താമരമലർപൊന്തിവന്നതെൻ മികവോ?

അമ്മയുമച്ഛനുമായി–

ട്ടെന്നെസ്സേവിച്ച ധർമ്മശാസ്താവേ,
എങ്ങനെ പുലരേണ്ടൂ ഞാ–
നങ്ങയിൽനിന്നറ്റു വീണ ലോകത്തിൽ?

ചൂണ്ടാണിവിരൽത്തുമ്പേ,
പെരുവിരലറ്റത്തുരുമ്മിനിന്നാലും!
ഭവിതവ്യതയിൽ പ്രസരി–
ക്കാവൂ മൽസ്നേഹകിരണമാമരണം.

# സന്നിധിയിൽ

**അ**പമാനഭാരത്താൽ കുനിയും ശിരസ്സുമാ–
യാഗതനായി നിൽപ്പേൻ
ആപാതനിർമ്മല കാരുണ്യരൂപിണി,
അങ്ങതൻ തൃപ്പദത്തിൽ.
ആവതില്ലെന്നാലെൻ കണ്ണുകൾക്കാ ഭവ–
ദാനനശോഭയിങ്കൽ
ആകണ്ഠമാനാസം നീന്തിക്കളിക്കുവാ–
നപമാനഭാരവായ്പാൽ.
തളരുന്നു ഹാ ഞാൻ വിയർപ്പിൽ കുളിച്ചിതാ,
തലചുറ്റി വീണിടുന്നു:
ആണ്ടീല നിൻമുഖശ്രീയിൽ ഞാനെങ്കിലും
പൂണ്ടു നിൻപാദപദ്മം!

# കടകോൽത്തുളയിലൂടെ

**മു**ദ്രക്കൈയിനു പിന്നിലോതിക്കൻ തൂണും ചാരി
നിദ്രപൂണ്ടീടും വേനൽച്ചൂടിന്റെ മദ്ധ്യാഹ്നത്തിൽ
വെണ്മേഘങ്ങളിൽ ചീറിനീങ്ങാതെനീങ്ങീലെത്ര
വെള്ളിയിൽ വാർക്കപ്പെട്ടപക്ഷികൾ വിമാനങ്ങൾ!
ഇല്ലത്തെ‘ക്കുളങ്ങേരവഴി’യിൽ കണ്ണും തുറി–
ച്ചല്ലയോ വടുവിന്റെയമ്പരപ്പതു കണ്ടു?
പിന്നെയാച്ചീറും കഴുകന്റെ വൻപള്ളയ്ക്കുള്ളിൽ
ചെന്നിരുന്നൊന്നാമതായ് ഭൂസ്പർശം വെടിഞ്ഞപ്പോൾ
ഞെട്ടലിൽ പേടിപ്പഞ്ഞി തിരുകീലയോ കാതിൽ,
കെട്ടിയില്ലയോ പേടിത്തോൽവാറുമരക്കെട്ടിൽ?
ഇരിപ്പൂ തനിക്കുള്ള ലൈഫ്ബെൽട്ടിൻപുറത്തെന്നു
ധരിക്കെസ്സമാധാനമായവന്നെങ്കിൽക്കൂടി
മുത്തശ്ശി ചൊല്ലാറുള്ളതോർത്തുപോയ്: സർപ്പത്തിന്റെ
മെത്തമേലല്ലോ വിഷ്ണു വാഴുന്നു വൈകുണ്ഠത്തിൽ!
പിന്നെയോ, പുറത്തേക്കു കണ്ണയച്ചപ്പോൾ കണ്ടാൻ:
മന്നിലെച്ചതുരംഗക്കളത്തിൽ കാലാളാന–
തേർകുതിരകളോടെ കൃഷിവാണിഭധർമ്മ
പ്പോർകലികൊൾവൂ നിസ്സഹായപൗരുഷം താഴെ.

അപ്പോഴേയ്ക്കെയർപ്പോക്കറ്റുകളിൽ കുടുങ്ങിയി–
ട്ടാവണം ഞെട്ടിപ്പോയാക്കൗമാരം പലവട്ട–
മെങ്കിലും വൈകുണ്ഠത്തിലിരിക്കും ദിവ്യപ്രേമ–
മംഗളസ്വരൂപത്തെസ്മരിച്ചില്ലെ,ന്നാലിന്നോ?

ൟൟൟ

കാളവണ്ടികൾപോലെ പഴകീ വിമാനങ്ങൾ;
പാലുമായ് പുലർച്ചയ്ക്കെൻ പട്ടണത്തിലെ വീട്ടിൻ
വാതിലിൽ മുട്ടും ഗ്രാമകന്യകമാരെപ്പോലെ
സാദരപരിചയംഭാവിനികളായ്ത്തീർന്നൂ
വായുവിൽ സ്വാദിഷ്ടാന്നം വിളമ്പിത്തരുമാതി–
ഥേയികൾ; സായിപ്പിന്റെ ഭാഷയ്ക്കു ചേരുംമട്ടി–
ലായി വായിലെ മാംസപേശിതൻ ചുളുക്കങ്ങൾ;
അപ്പൊഴും നാരായണ, മറന്നില്ല ഞാൻ നിന്നെ!
എങ്ങനെ മറക്കും? എൻ കീശയിൽ നാലക്കങ്ങൾ
തിങ്ങിടും ടിക്കറ്റെംബാർക്കേഷൻകാർഡുകളുമു–
ണ്ടെങ്കിലും ചായക്കാശില്ലാതെയല്ലല്ലീ ‘ഡ്രോ’മി–
ലെത്തേണ്ടു നിശീഥത്തിൽ? എതിരേൽക്കുവാനില്ലൊ–
രുറ്റവനപ്പോളെങ്കിൽ....കടകോൽത്തുളയിലൂ–
ടിറ്റിറ്റുവീഴാൻ തുടങ്ങുകയായ് തിരുനാമം!
കടവായയിൽത്തങ്ങിനിന്നില്ല പിന്നെപ്പാവം
മടവാരുടെ ചായം   തേച്ച നീൾനഖരങ്ങൾ
തന്നഗോളാകാരമാം ശീമമാധുര്യം, തൊണ്ണിൽ
തങ്ങിനിന്നില്ലാ കൂർത്ത പെരിഞ്ചീരകക്കൈപ്പും!

# രണ്ടു രാത്രികൾ

തലമുടിയെണ്ണയിൽ നക്കിയതാരെ–
ന്നുലയും കൂരിരുൾ മദ്ധ്യത്തിൽ
കൂറച്ചിറകടി വീണ്ടും വീണ്ടും
കൂറ്റൻ നോവുകളേൽപ്പിയ്ക്കെ
ഇന്നലെ രാവിൻ നെഞ്ചിൽ സെൽവിൻ
ചിന്നിയ ഹൃദയം യാചിച്ചു;
‘‘മരിച്ചു തരുവിൻ ദയവായുടനേ
മരിച്ചുതരുവിൻ കൂറകളേ!
പീറപ്പുസ്തകമില്ലിക്കാണും
പീഞ്ഞപ്പെട്ടിച്ചട്ടത്തിൽ
നഷ്ടയുവത്വസ്വപ്നവിയർപ്പുകൾ
പെറ്റവയാണീ രത്നങ്ങൾ!
മരിച്ചു തരുവിൻ ദയവായുടനേ
മരിച്ചുതരുവിൻ കൂറകളേ!’’

ൟൟൟ

ഇന്നോ ചൂലും കൊണ്ടൊരു സൂര്യൻ
വന്നെത്തുന്നു മുറിക്കുള്ളിൽ;
തൂത്തെറിയുന്നൂ ചിറകടിബഹളം
തൂവിയ കൂറശ്ശവമാകെ.

ൟൟൟ

പാതിരയായോ വീണ്ടും? കണ്ണുകൾ

വാതിലടയ്ക്കുന്നില്ലല്ലോ!
കട്ടിബയന്റിൽ ചട്ടത്തിന്മേൽ
കുത്തിയിരിക്കും സംസ്കാരം,
കണ്ണുതുറിക്കും നിശ്ശബ്ദതയുടെ
കാതിൽ പറവൂ, കേട്ടില്ലേ?
''പനയോലകളിൽ പാർത്തവരല്ലോ
പണ്ടൊരുകാലത്തീ ഞങ്ങൾ
കൂറകളന്നും ഞങ്ങളെ നക്കി–
ക്കൂടിയിരുന്നൂ പാവങ്ങൾ.
അതിലൊന്നായ ഭവാനെപ്പക്ഷേ
അന്നപരിഷ്കൃതർ കൊന്നീലാ.
അവരെക്കാളും മികവുറ്റവനേ,
അങ്ങെന്തിന്നിപ്പണി ചെയ്തൂ?''
ഘഘഘ
വാതിലടപ്പിൻ ദയവായുടനേ
വാതിലടപ്പിൻ കണ്ണുകളേ!

## രക്തപ്രസാദം

ഹിന്ദുവോ മുസൽമാനോ ക്രിസ്ത്യനോ ചിന്തീ, വിശ്വാ–
സാന്ധകാരത്തിൽ ദേവാലയസോപാനത്തോളം
പൊന്തിയ നരരക്തസാഗരം? തോണിക്കൊമ്പിൽ
മന്ത്രിയോ പുലർച്ചയ്ക്കു വന്നതു പൂജാരിയോ?
ആരുമാവട്ടെ, ദേവൻ സൂക്ഷ്മദർശിനികൊണ്ടാ–
ച്ചോരതന്നണീയസ്സുവരെയും നിരീക്ഷിച്ചൂ,
അക്ഷമം തോണിക്കുള്ളിലമരും ജിജ്ഞാസുക്ക–
ളക്ഷയസഹസ്രനാമങ്ങളാൽ വിളിച്ചിട്ടും!
ഘഘഘ
ഒടുവിൽ പകലൊളിമങ്ങവേയെഴുന്നേറ്റു–
നെടുവീർപ്പിട്ടൂ ദേവൻ, ആഗതരന്വേഷിച്ചൂ,
''നിന്തിരുവടിക്കിപ്പോളറിയാം: മരിച്ചതു
ഹിന്ദുവോ മുസൽമാനോ കൂടുതൽ, ക്രിസ്ത്യാനിയോ?''
''അവരാരെയും കണ്ടെത്തീല ഞാൻ.'' ദേവൻ ചൊല്ലീ,
''ഇവിടെക്കണ്ടേനേയുമേബീയുമോവും മാത്രം!''

## നിരത്തിലെ നിമിഷം

നാട്ടിൽ പോകാൻ കാൽ കുഴയുമ്പോ–
ളോട്ടോറിക്ഷ വരുന്നു.
റോട്ടിൻ നടുവിൽ മുഴങ്കൈയുടനേ
നീട്ടിക്കാണിക്കുന്നു.
''എവിടെപ്പോണം?'' ''റെയിൽവേസ്റ്റേഷനിൽ.''
''എന്നാൽ ചാർജൊരുരൂപ.''
''ഒരാഴ്ചമുമ്പുവരേയ്ക്കും മുക്കാ–

ലുറുപ്പികയ്ക്കേ പോയി.''
''സാറിപ്പോൾ പഞ്ചാര കലർത്തിയ
ചായ കുടിക്കാറില്ലേ?''
വെല്ലക്കാപ്പിക്കറയാൽ പേരു–
ന്നില്ലാ നാവൊരു മാത്ര.
പരന്ന മൗനത്തിന്മേലൂടേ
പറന്നിതോട്ടോറിക്ഷ
ഓടുകയായ് തീവണ്ടിയുമകല–
ത്തോട്ടോറിക്ഷയൊടൊപ്പം.

## വിഷുപ്രമോദം

ഓർമ്മയുണ്ടോ പൂത്ത കൊന്നക്കാടുകളിൽ പോക്കുവെയ്‌ല–
ത്തോടിച്ചാടിപ്പൂവറുത്ത സുവർണ്ണകാലം?
എത്ര മത്താപ്പെത്ര ചീനപ്പടക്കവും പൂത്തിരിയും
കത്തിയില്ലാക്കൗമാരത്തിൻ ചങ്ങാതിക്കൂറിൽ?
അന്നു വിരൽ പൊള്ളിയ നിൻ കരച്ചിലിന്നുമ്മനൽകി
നിന്നെച്ചിരിപ്പിച്ചവനെ മറന്നുപോയോ?
ചെന്താമരക്കാലടിയിൽ തറഞ്ഞ മുള്ളൊരിക്കൽ ഞാൻ
ദന്തച്ചവണകൊണ്ടല്ലീ പറിച്ചുതന്നു?

ൗൗൗ

ആരോടാണീ ചോദ്യമെല്ലാം? നാഗപ്പൂരോ ജയപ്പൂരോ
വേറെയെങ്ങാണ്ടോ നിൻ സൗമ്യമുഖമിന്നാവോ!
പട്ടണത്തിൽനിന്നു വന്നിട്ടെന്റെ മൗനം ബസ്സിറങ്ങി
കട്ടവിണ്ട വയലിലൂടുലാത്തിടുന്നു.
വേലിക്കൽ സുവർണ്ണഹാരഭൂഷിതയായ് ത്രിസന്ധ്യത
ന്നാലവാലത്തിലെക്കൊന്ന ചിരിച്ചു നിൽപ്പൂ
ഇന്നലെപ്പുതുമഴയ്ക്കീ പുരാതനഭൂമിയിൽനി–
ന്നുന്നമിച്ച പരിമളം തുടിപ്പൂ നീളെ
പോയ വിഷുപ്രമോദങ്ങളോടിവന്നീ മുഹൂർത്തത്തിൽ
വായുവിനെപ്പുണരുന്നതെന്തിനാണാവോ!

ൗൗൗ

ആരൊടെന്നില്ലാതെ ചോദ്യം പൊന്തിയതു പൊറുത്താലും
ദൂരത്തുള്ള മേൽവിലാസമില്ലാത്തവളേ!
അമ്മയായമ്മൂമ്മയായി ധന്യതയിൽ പുലർന്നാവൂ
ആയിരം പൂർണ്ണിമയിൽ നിൻ മുഖപ്രസാദം.

## കുംഭീപാകം

കണ്ണീർക്കടലിൽ മുങ്ങിക്കൊണ്ടരിക്കും പാതിരാത്രികൾ
കണ്ണാടിപ്പൊട്ടിലോ കണ്ടൂ കരയുന്ന മുഖാകൃതി?
കണ്ണടശ്ശങ്കീരി പോക്കുവെയ്‌ലേറ്റുരുകിവീഴവേ
നക്ഷത്രത്തിൻ മൊട്ടുസൂചിയിട്ടതാപ്പാതിരാത്രികൾ.
മന്ദസ്മിതപ്പുലരിയിൽത്തെരുവോടിക്കിതയ്ക്കവേ

ഓരത്തൂടെക്കൂന്നിഴഞ്ഞു പോയതാപ്പാതിരാത്രികൾ.

പാതയിൽക്കത്തിടും കീലിൽപാപ്പാസ്സുരുകിവീഴ്കയാൽ
പൊള്ളങ്ങൾ നർത്തനം ചെയ്കെകേണതാപ്പാതിരാത്രികൾ.

പാതിരാത്രികളേ, ദിവ്യസ്നേഹത്തിന്റെ വിയന്മുഖം
അളുക്കിലിട്ടടച്ചുള്ളിൽ തേങ്ങിടും നിങ്ങളോ വിധി?

എന്തായാലുമുടയ്ക്കില്ലീക്കണ്ണാടിത്തുണ്ടിലെ ക്ഷണം–
അതിലെദ്ധർമ്മവൈരൂപ്യം ഞെട്ടിപ്പൊട്ടിത്തെറിക്കിലും!

# പല്ലുകുത്തി

''വെള്ളികൊണ്ടൊരു പല്ലുകുത്തിയുണ്ടാക്കിത്തന്നാൽ
നല്ലു നീ,'' തട്ടാനെക്കണ്ടെത്തിയ ദിനം ചൊന്നേൻ.
അവനോ പിറ്റേന്നത്തെപ്പുലർവേളപോൽ വന്നെൻ
സവിധത്തിലാ വെള്ളിക്കാണിക്ക സമർപ്പിച്ചൂ
പല്ലുകുത്തിയുമായ് ഞാൻ ചെല്ലവേ കണ്ണാടിയി–
ലുള്ള മൽപ്രതിബിംബം സാകൂതമോർമ്മിപ്പിച്ചൂ,
'മാറ്റണം സ്വന്തം തൊണ്ണു കുത്തിയതന്യന്മാരെ
നാറ്റിക്കും വ്യവസായ'മെന്നൊരു പഴമൊഴി.

ഊഊഊ

തൊണ്ണിലെ വാർദ്ധക്യത്തിൻ കോടരങ്ങളിലൊളി–
ക്കുന്ന വിട്ടകൾ തരിപ്പാക്കുകളൊന്നൊന്നായി
പുറത്തേക്കെടുത്തെൻ കൈവെള്ളയിൽ നിരത്തവേ
ചിരിച്ചാനതുതന്നെ നോക്കിനിന്നിടും തട്ടാൻ.
ആരാഞ്ഞേൻ,''ചിരിക്കുന്നതെന്തു നീ?'' അവൻ ചൊന്നാൻ,
''അടയ്ക്കാത്തരിയല്ലിതത്രയും പൊന്നാണല്ലോ!''

# സംശയം

ദുശ്ശാസനനായ് പുടവത്തുമ്പിൽ
ദുഃഖജ്ജ്വാല പിടിക്കുമ്പോൾ
ധർമ്മാധർമ്മാരണ്യ തമസ്സിൽ
ഘർമ്മാംബുവിൽ ഞാൻ മുഴുകുമ്പോൾ
മുന്നിലെയരയാൽക്കൊമ്പിലിരിപ്പൂ
മുനിജനമാനസസഞ്ചാരി.
മുരളികയൂതി രമിക്കുകയല്ലോ
മൂവുലകിൻ മൂലാധാരൻ.
തൂണിലിരുന്നു തുരുമ്പിലിരുന്നെൻ
പ്രാണനെ മുകരും പ്രണയാന്ധൻ.
പഞ്ചമരാഗം വീണെൻ സിരയിൽ
പഞ്ചാമൃതമോ വഴിയുന്നു?
നാവിൽച്ചെറുനാവിൽത്തിരുനാമം,
ജീവനിലാകെത്തിരുമധുരം!

ഊഊഊ

ഓടിച്ചെന്നാച്ചേവടി പൂണാൻ

പാടുപെടുമ്പോളാവട്ടേ,
നിഷ്ഫലകാമനറിഞ്ഞേൻ; ലഹരിയിൽ
നിശ്ചലശിലയായ്പ്പോയല്ലോ!
എന്നു തുടയ്ക്കുമഹല്യാശിലയുടെ
കണ്ണീരാത്തളിർകൈയാവോ,
അഞ്ജനവർണ്ണൻ വെടിയും തന്റെ നി–
രഞ്ജനഭാവമിതെന്നാവോ!
ഈ മരവിപ്പോ മോക്ഷം, കണ്ണാ,
ഈ മരവിപ്പോ സായുജ്യം?

## ആകാശകുസുമം

അന്ധകാരത്തിലെന്നാത്മാവുറങ്ങിയ
ബന്ധുരബാലകാണ്ഡക്കിളിവാതിലിൽ
തള്ളിവന്നെത്തിമുട്ടിക്കൊണ്ടനന്തമാം
വെള്ളിച്ചിറകിട്ടടിച്ച ഹേ, നിത്യതേ,
എന്നയൽക്കാരൻ പറപ്പിച്ച വെൺപിറാ–
വെന്നേ നിരൂപിച്ചു പെട്ടെന്നു നിന്നെ ഞാൻ.
ഇന്നു നിൻ വെള്ളിച്ചിറകെൻ തൃതീയമാം
കണ്ണിന്നു കർപ്പൂരനിർവൃതി ചേർക്കിലും
'കേമി'യാമീ മണിക്കണ്ടമണിയതിൻ
ഭീമശൈഥില്യമളന്നു കുറിക്കയാൽ
എന്നുപബോധതലത്തിലെൻ മാംസദൃ–
ക്കമ്പഹമങ്ങയെപ്പുൽകാനുഴറ്റൊടേ
ചുററിപ്പറന്നു തളർന്നു പതിക്കുന്നു
തൊട്ടാൽപ്പൊടിയും മഹാവ്യസനങ്ങളിൽ:
എന്നു നീ വന്നെത്തുമഞ്ചുവാതിൽക്കലൂ–
ടെന്നു നിറഞ്ഞു തുളുമ്പുമെൻ ശൂന്യത?
എന്നുമാവട്ടെ,യാകാശകുസുമമാ–
ണന്നേവരേയ്ക്കെന്റെ സുന്ദരകാണ്ഡവും!

## ചക്രം

വിജയത്തിൻ കൈകളിൽ ചുറ്റിക്കറങ്ങുന്നു
വിദ്യുന്മയമൊരു ചക്രം.
ഒരുമാത്രപോലും കറക്കത്തിൽനിന്നതു
വിരമിച്ചതോർമ്മയില്ലാർക്കും.
കണ്ണിന്നകത്തൊരു കണ്ണുള്ളവർ ചില–
രെന്നാൽ പറവതുണ്ടേവം:
''തിരിയുമ്പോൾ വർത്തുളമെങ്കിലുമിച്ചക്രം
തിരിയാതിരിക്കെച്ചതുരം.''

## ഭാഗ്യവാൻ

പാതിരാത്രിയിലെ ഷ്ഫ്ടിൽ ഡ്യൂട്ടി നോക്കുന്ന ദൈവമേ,

ഭാഗ്യശാലികളിൽ ഭാഗ്യ ശാലിയെന്നൊരു മർമ്മരം

കവിൾക്കൊള്ളുന്നതാരിപ്പോളെന്നെക്കാണുന്ന മാത്രയിൽ,
വിമാനത്താവളം തേച്ചുകഴുകും തൂപ്പുകാരനോ,
തീവണ്ടിപ്പോർട്ടറോ, സാക്ഷാൽ ബസ്സുകണ്ടക്ടർകൂടിയോ?
അവർ കാണുന്നതെൻകൈയിൽ വന്നുവീഴുന്ന നാണയം;

കണ്ടു ഞാൻമാത്രമെൻകൈയിലുരുകിപ്പോയ നാണയം.
തുറന്നാൽ കഷ്ടമേതാനന്ദത്തിലെപ്പൊന്നളുക്കിലും

കണ്ണുനീർക്കടൽ കണ്ടെന്നിൽത്തന്നെ ചൂളുകയോ ഭവാൻ?
ഉമിനീർത്തുള്ളിപോലെന്നാകാശഗർത്തത്തിൽനിന്നുടൻ

നിമിഷങ്ങളിലിറ്റിറ്റുവീണൂ നിൻനാമമല്ലയോ!

ൗൗൗൗ

സിമന്റുകോട്ടതൻ മൂന്നാംനിലയിൽ ഗുഹയിൽ സ്വയം
അരിയിട്ടു തിളപ്പിച്ചതിളംചൂടാൽ കുടിച്ച ഞാൻ
ഉണർന്നതുമുതൽക്കത്താഴത്തിലെത്തുപെടുംവരെ
ഉതിർന്ന ചുടുവേർപ്പാകെ വറ്റാതെത്തന്നെ നിൽക്കിലും
നന്ദി! എന്തൊക്കെയായിട്ടുമെന്നിൽ ചൂളിയിരിപ്പു നീ!
മുറ്റത്തെക്കിണറിന്നുള്ളിൽ നിശ്ശബ്ദക്കുളിരായീ നീ
ഉറന്നുനില്ക്കയും ചെയ്വൂ വേനൽപ്പാതിരയിങ്കലും!
ആരെല്ലാം കണ്ടുനിന്നാലെ ന്തല്ലെങ്കിൽ ഭാഗ്യഹീനനും
ചത്തപോലെയുറങ്ങുമ്പോളാരെന്നെക്കണ്ടു നിൽക്കുവാൻ?
ഇരുട്ടിൽത്തപ്പി നീങ്ങിപ്പോമെനിക്കീ രണ്ടുകൈകളും
രണ്ടുകാലുകളും നട്ടെല്ലറയിൽ ധർമ്മവീര്യവും
കനിഞ്ഞു തന്നരുളിയ നീതാൻ ബക്കറ്റിൽ വെള്ളമായ്
എന്റെകൂടെക്കോണികേറി മൂന്നാംനിലയിലെത്തവേ
ഇതല്ലയോ ഭാഗ്യം? ഒറ്റയ്ക്കാണീ ഭൂമിയിലെങ്കിലും
ജീവിച്ചിരിക്കും ഞാൻ നിന്റെ നാമം പാടി നടക്കുവാൻ!

ൗൗൗൗ

എങ്കിലും ദൈവമേ, മൂന്നാംനിലയിൽപ്പൈപ്പിൽ വെള്ളമായ്
ജനിക്കാനാവതില്ലാത്ത താങ്കളോടൊരു സംശയം:
തരാമോ നിലദാനത്തി ലെനിക്കൊരുമുറി സ്ഥലം?

# ദാമോദരൻ

ഉരലിൽക്കെട്ടി യശോദ ഭവാൻത–

ന്നുടലിൽ വരിഞ്ഞുമുറുക്കിയ ദാമം;
ഉടനുരൽകൂടി വലിച്ചു ഭവാനൊരു
നടയങ്ങോട്ടു നടന്നു.
ഉരലിൻ സമ്മർദ്ദത്താലിരുനീർ–
മരുതു പുഴങ്ങീ വേരൊടുകൂടി
തറപറ്റിടുമവ കണ്ടില്ലെന്നുൾ–
ച്ചിരിയൊടെ നീങ്ങീ താങ്കൾ.

# പ്രതിമാപ്രബോധം

ശതാബ്ദമിപ്പോൾ സ്ഥലകാലസംഗ–
മത്തിൽ പ്രതിഷ്ഠിക്കുകയാണുപോലും
ലോഹത്തിൽ വാർത്തെൻപ്രതിരൂപ,മാട്ടേ.
കുറിക്കുകീ ദുഃഖമതിന്റെ താഴെ;

സർവ്വജ്ഞപീഠാർഹത കാമശാസ്ത്രം–
കൂടിപ്പഠിച്ചേ തികയുന്നു പാരിൽ;
അദ്വൈതിയാം ശങ്കരനീ രഹസ്യം
ഗ്രഹിച്ചു; ഞാനാക്കഥയിന്നുമോർപ്പൂ!

എന്നിട്ടുമീ ഭൗതികജീവിതത്തെ–
ത്തൊടുമ്പൊഴേക്കെൻ വിരലിന്റെയഗ്രം
വെറുങ്ങലിച്ചൂ; പുണരുമ്പൊഴേക്കു–
മെൻ മാർത്തടം വേർത്തു കുളിച്ചുപോയി!

വസ്തുക്കളെൻ കൺമുനയേറ്റഴിഞ്ഞി–
ട്ടാർദ്രങ്ങളായാവികളായ് മറഞ്ഞു;
പ്രശാന്തിതൻ കാന്തിമരുപ്പരപ്പിൽ
ജലാശയം പോലെയകന്നുപോയി.

ജരാനരാക്രാന്തശരീരപാത–
പ്രവാഹമേ, നിന്റെ ഭയാനകത്വം
നീരാളിപോൽ ചുറ്റിവരിഞ്ഞു കൊത്തി–
പ്പൊളിച്ചിതെൻ സൂക്ഷ്മശരീരസൗഖ്യം.

നിശീഥനിശ്ശബ്ദതയിങ്കലെന്റെ
കൊട്ടാരവാതിൽപ്പൊളി കണ്ണുനീരാൽ
ഉന്തിത്തുറന്നോടിടുമെന്റെ പിന്നി–
ലുറങ്ങി നിഷ്കന്മഷരാഗപൂരം.

കുമാരനെന്നെന്നെവിളിക്കെ ലോകം
ഞാനെന്നൊടാരാഞ്ഞിതു നൂറുവട്ടം,
ആ നാമധേയത്തിനൊരർത്ഥമുണ്ടെ–
ന്നാരോർപ്പൂ? ഞാൻ കുത്സിതമാരനല്ലീ?

വലത്തുകൈയാൽ പ്രഹരിച്ചു ഞാനാ–
പ്രപഞ്ചഭർത്താവിനെ മൃത്യുവോളം,
എന്നാലിടംകൈത്തളിർകൊണ്ടു ചെയ്ത–
താ മെയ് തലോടീടുകയായിരുന്നൂ.

നിത്യത്തിനെത്തേടിനടന്നു ജന്മം
തുലച്ച ഞാൻ നിഷ്കരുണം വെടിഞ്ഞു
അനിത്യദിവ്യക്ഷണികത്തിലുള്ള
ധർമ്മത്തെ,യാ സ്നേഹസുധാരസത്തെ.

ശതാബ്ദമിപ്പോൾ സ്ഥലകാലസംഗ–
മത്തിൽ പ്രതിഷ്ഠിക്കുകയാണുപോലും
ലോഹത്തിൽ വാർത്തെൻ പ്രതിരൂപ,മാട്ടേ,
കുറിക്കുകീ ദുഃഖമതിന്റെ താഴെ:

കാണാതെപോയ് പല്ലനയാറ്റിൽ മുങ്ങി–
മരിച്ചനാളോളമിവൻ സുഖത്തെ;
അദ്ദാരുണാന്തർഗ്ഗതപീഡയാൽ കൈ–
വരിച്ചതാണീയമരത്വസൗഖ്യം !

## അസഹ്യത

ഉദയാസ്തമയപ്രഭകളിൽ നീളേ
നിഴലുവിരിക്കുന്നൂ ദുഃഖം;
നിശകളിൽ നീലാകാശതലങ്ങളിൽ
നിന്നു തുടിക്കുന്നൂ ദുഃഖം;
പട്ടാപ്പകലെത്തീവെയിൽ മുതുകിൽ–
പ്പാർന്നു ചിരിക്കുന്നൂ ദുഃഖം:
ഓരോ തളിരിലുമോരോ മലരിലു–
മോളം വെട്ടുന്നൂ ദുഃഖം.

## നരനായിങ്ങനെ

കാലത്തെണീറ്റു പല്ലുതേക്കുന്നു,
കാപ്പി ചായ കുടിക്കുന്നു.
ദോശയിഡ്ഡലി ചട്ടിണി സാമ്പാർ
മോശമില്ലാതടിക്കുന്നു.
സേഫ്റ്റിറേസറെടുത്തു താടിയിൽ
കേറ്റിവെച്ചു വലിക്കുമ്പോൾ
ഗോചരമാം ജരാനരകളാൽ
കേചിൽ ഖേദമുദിക്കുമ്പോൾ
എന്നെപ്പറ്റിസ്സഹതപിപ്പു ഞാ–
നെന്നെപ്പുച്ഛിച്ചു തള്ളുന്നു:
നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ
നരകവാരിധി നടുവിൽ ഞാൻ,
എനിക്കായൊരേറോപ്ലെയിനില്ലാ, വേണ്ടാ,
എനിക്കായിട്ടൊരു കാറുണ്ടോ?
എനിക്കായില്ലൊരു സ്ക്കൂട്ടർപോലും, ഹാ,
ജനിച്ചിട്ടെത്രനാളായി ഞാൻ?
സിസ്റ്റർമാരെക്കൊണ്ടെന്തു കാര്യം? ട്രാൻ–
സിസ്റ്ററെൻ കൈയിലില്ലല്ലോ!
വെറുതെയെന്തിനീ വിസ്തരം? ഒറ്റ–
ട്ടെറെലീൻകുപ്പായമില്ല മേ.
ശരിക്കു ചിന്തിച്ചാൽ ജനിച്ചു ഞാനെന്നു
ശഠിക്കുവാനില്ല തെളിവൊന്നും.
എമ്പിയായില്ല, മന്ത്രിയായില്ല,
എമ്മെല്ലേപോലുമായില്ല.
സിനിമയിലുള്ള മരത്തിനു ചുറ്റും

പ്രണയിനിയൊത്തു പാഞ്ഞീല,
പുൽത്തകിടിയിലുരുണ്ടീലാ, കെട്ടി–
പ്പുൽകി ഡ്യൂവറ്റു പാടീലാ.
ഇത്തിരിനേരമെഞ്ചിനീയറായ്
ഇത്തിരിനേരം പ്യൂണായും
ഇത്തിരിനേരം കണക്കപ്പിള്ളയായ്
ഇത്തിരിനേരം കവിയായും
ഉദിച്ച സൂര്യനെ വലിച്ചിഴച്ചു ഞാ–
നുദധിയിൽത്തള്ളിയുറങ്ങുന്നു;
അവനാട്ടേ വീണ്ടും കിഴക്കുദിപ്പൂ, ഞാ–
നതു കണ്ടാൽ പിടഞ്ഞെഴുനേൽപ്പൂ;
നരനായിങ്ങനെ മരിച്ചൂ ഭൂമിയിൽ
നരകവാരിധി നടുവിൽ ഞാൻ.

# വിശ്വാസം

മരിക്കുമ്പോൾപ്പോലും ജീവിച്ചിരിക്കുകയായിരുന്നു
മരിച്ചവർ വിശ്വാസത്തിൻ ദേവലോകത്തിൽ;
ജീവിച്ചിരിക്കുന്നവരോ മരിച്ചുവീണിരിക്കുന്നു
ജീവിച്ചിരിക്കുമ്പോൾപ്പോലുമവിശ്വാസത്തിൽ.

# അക്ഷരകഥ

മാർക്സിന്റെ ജീവിതപ്പച്ചയിലയിന്മേൽ തിരഞ്ഞു ഞാൻ
ഗോർക്കിയുൾക്കണ്‍ പാർത്തു നിന്ന മനോഹരമനുഷ്യനെ.
വെടിപ്പുകയിൽനിന്നെന്നാൽ ബിർളാമന്ദിരസന്ധ്യയിൽ
ഹരേ റാം മന്ത്രണം ചെയ്ത രക്തത്തിൽ ജാതനായ് അവൻ
പഴങ്കഥ മറന്നന്നപൂർണ്ണാന്വേഷണയാത്രയിൽ
വേർക്കും സമകളായ് പച്ചയിലയിന്മേലരിച്ചു ഞാൻ,
ഇപ്പോൾ കാതറിവൂ പാരിൻ രസനാമധുരോത്സവം,
''അരിച്ചേടത്തെഴുതി നീ മനുഷ്യചരിതാക്ഷരം.''
ദീപ്തിവർഷങ്ങളിൽക്കൂടിയിഴഞ്ഞോ നൊണ്ടിയോ ഭവാൻ
ഇന്നെൻ കാതിൽത്തട്ടി, ആദിവചനത്തിൻ പ്രസാദമേ!
വസ്തുവിന്നുള്ളിലെക്കാലനാഡിയൂരിയെടുക്കുകിൽ
കഴിഞ്ഞില്ലേ പച്ചിലയിൽ സ്പന്ദിക്കും മുഗ്ദ്ധവാസ്തവം?
ഈ മുഹൂർത്തം സവിനയം മണിയുന്നതു കേൾപ്പു ഞാൻ,
''ശ്രീശങ്കരനിൽവെച്ചൈൻസ്റ്റീനുത്ഭവിച്ചതറിഞ്ഞുവോ?''
വസ്തുചൈതന്യഭേദങ്ങൾ മറന്നീ രത്നഗർഭയെ
ഉടൻ മുകർന്നിതാകാശം ചിരന്തനവിയുക്തയെ.

# ചിരഞ്ജീവി

വരുന്നൂ വരുന്നൂ ഞാനെന്റെ കേരളമേ, നി–
ന്നരുമക്കിടാങ്ങൾതൻ    മൂർദ്ധാവിൽ പതിവുപോൽ
കൈപ്പടം കമിഴ്ത്തുവാൻ, പുരുഷാന്തരങ്ങൾത–
ന്നപ്പുറത്തുറന്നകളങ്കനൂതനമായി
ഇപ്പൊഴും മലനാട്ടിൽ പരിരക്ഷിക്കപ്പെടു–
മത്ഭുതസ്നേഹത്തിന്റെ പേരാറ്റിൽ പെരിയാറ്റിൽ
മുങ്ങുവാൻ, അവയുടെ കരയിൽ സ്വർഗ്ഗംവരെ–
പ്പൊങ്ങിയ യശോരാശി പൂശിയ ദിക്പാലന്മാ–
രിന്നും കാത്തരുളീടുമെട്ടുകെട്ടുകളുടെ
മുന്നിൽ നാക്കിലയിന്മേലിരുന്നിട്ടുണ്ണിക്കൈകൾ
ചൊരിയും പൂവാൽ സുധാമധുരം വഴിയും പൂ–
വടയാലനന്തതാസൗഭഗം സ്വദിപ്പാനും.
ചാമരം വിടർത്തുന്നൂ നരച്ച തലമുടി
രോമവും താഴെത്താടി മീശയുമെൻ വക്ഷസ്സി–
ലെങ്കിലുമേതോ ചത്ത ചേരപോലായെൻ ചർമ്മ–
മെങ്കിലും ബലിഷ്ഠൻതാനിന്നുമിച്ചിരഞ്ജീവി.
എന്തൊരു കഷ്ടം! പക്ഷേ, കമ്പോളനിലവാര–
ച്ചിന്തയാൽ മരവിച്ചു മരിച്ച മലയാളി
വിസ്മരിച്ചുപോയല്ലോ മുന്നിലൂടൊഴുകിപ്പോം
ഭസ്മസാത്ഭൂതസ്വപ്നസ്വർഗ്ഗസൗഹാർദ്ദം പോലും!
മാംസദൃഷ്ടികൊണ്ടെന്നെ ക്കാണുവാൻ കഴിഞ്ഞാലും.
മാറില്ലീ മരവിപ്പെന്നാദ്യമായാശങ്കിക്കെ
മരണംപോലും മനോഹരമെന്നറിഞ്ഞാദ്യം
കരയുന്നു ഞാൻ നിസ്സഹായനിച്ചിരഞ്ജീവി.

# വേടൻ

കളിവില്ലിൽ ഞാനെയ്തേൻ നിന്നെ; നീ നിത്യപ്പച്ച–
ക്കരൾപ്പൊത്തിലെ വ്യാഴവട്ടങ്ങൾ കഴിഞ്ഞാലും
തുരുമ്പുപിടിക്കാതെ നില്ക്കുമീത്തേനീച്ചത–
ന്നിരമ്പക്കത്തിന്നുള്ളിലെന്നു ഞാനോർത്തില്ലമ്പേ!
ഇന്നും ഞാൻ തേൻകൂടന്വേഷിച്ചുകൊണ്ടീ വൻകാട്ടിൽ
വന്നിരുന്നില്ലെങ്കിൽ, കാലടിയിൽ പാഷാണവും
മാറത്തീ മഹാവൃക്ഷത്തിന്റെ മുൾമുനകളും
ചോരചിന്തിയ ദുഃഖം സഹിക്കാതിരുന്നെങ്കിൽ,
കാണുമായിരുന്നില്ലീ പ്രബല സ്നേഹത്തിന്റെ
തേനട, നിന്നെക്കാത്തുരക്ഷിക്കുമത്യാശ്ചര്യം!

ഌഌഌ

വിളിച്ചു പറയുന്നേ, നിപ്പൊഴെൻ മുഖത്തേക്കു
വെളിച്ചം പീച്ചിക്കാട്ടി നിൽക്കുന്നൂ ഞൊടിനേരം

ഈ മഹാപ്രപഞ്ചത്തിന്നണുവുമണീയസ്സും:
ഇല്ല നിഷ്ഫലമെന്ന ശബ്ദമീ ബ്രഹ്മാണ്ഡത്തിൽ!

## തൊഴുത്തിലെ മൗനം

ബസ്സിൽക്കമ്പിയിൽ ഞെങ്ങിഞെരുങ്ങി–
ത്തൂങ്ങുമൊരഷ്ടാവക്രൻ; അവന്റെ മ–
നസ്സിലൊരസ്വാതന്ത്ര്യവിഷാദ–
ജ്ജ്വാലയിൽ വിടരുമകാരണചിത്രം:
ഉണ്ടോ തീക്കട്ടകളീയുണ്ട–
ക്കൺകളിൽ? ഉണ്ടോ നരിപുലിചെന്നായ്
കണ്ടാമൃഗവും മീശക്കാട്ടിൽ? ഇ–
യാളാര്? എന്തിനു കയറും വടിയും–
കൊണ്ടു തൊഴുത്തിനുനേരെ വരുന്നു? ഗൃ–
ഹേശനകമ്പടി സേവിക്കുകയോ?
കഷ്ടംതന്നെ സുഹൃത്തേ, ദയവായ്
താങ്കളിയാളെദ്ദൂരെയകറ്റൂ.
ഇരുകാലിന്മേലിഴയുമിയാളെ–
ക്കാണുകയെന്നതുപോലും കണ്ണിനു
കരുമന; എന്തിതു? നേരിട്ടെന്റെയ–
ടുത്തേക്കല്ലോ വരവാപ്പഹയൻ!
സൂക്ഷിച്ചെന്നെ, നിരീക്ഷിക്കുകയാ–
ണവ;നാ മാത്രയിലെന്തേ പെട്ടെ–
ന്നസ്തംഗതനായർക്കൻ? ചെള്ളിൻ
കടിയോ കൊമ്പുകുളമ്പുകളോളം?
'ഇതാണ്' വീട്ടുടമസ്ഥൻതാനോ
മൊഴിവൂ? 'ശരി ഞാൻ നാളെ വരാ'മെ–
ന്നുത്തരം; ഒന്നും പിടികിട്ടുന്നി–
ല്ല,ല്ലാ പോവുകയോ രണ്ടാളും?
പറയാൻ വയ്യാ, രേഖകളില്ലാ,
ഉണ്ടെങ്കിലുമതുറക്കെപ്പറയാ–
നവയവമില്ലാ ഭാഷയു; മിവളൊരു
മിണ്ടാപ്രാണിയിരുക്കാലികളേ!
എങ്കിലുമനുമിപ്പേ,നപ്പഹയൻ
നാളെസ്സൂര്യനുദിച്ചാൽ വരു,മെൻ
ചങ്കിൽക്കയറുകുടുക്കിവലിക്കും:
ധൃതിയിൽ നടക്കാനെന്റെ മെലിഞ്ഞു വി–
റയ്ക്കും കരചരണങ്ങൾക്കുണ്ടോ
ശക്തി? മുടിങ്കോലുണ്ടാക്കയ്യി;ല–
ടിക്കുമയാളെന്നൊട്ടിയ പള്ള–
യ്ക്കസ്ഥിയി;ലകറും ഞാൻ; കൈകാലു കു–
ഴഞ്ഞും കണ്ണും കാതും കൊട്ടിയ–
ടഞ്ഞും പത കടവായ്കളിൽ നിന്നു പൊ–
ഴിഞ്ഞും വീണുകിടക്കും ഞാൻ പൊതു–
വഴിയിൽക്കൽച്ചില്ലുകളി;ലയാളെൻ

വാലു കടിക്കും പൊടിയും രക്ത;മൊ–
ലിക്കും രക്ത,മരച്ചുപുരട്ടും
വായയിൽ മൂക്കിൽക്കൺകളിലും കാ–
ന്താരിക;ളോർത്തു നടുങ്ങുന്നൂ ഞാൻ!
ചത്താലുണ്ടോ വേദന? വിവരം
കുറയും; പക്ഷേ, ബോധം മതിയിലൊ–
രിത്തിരിയില്ലാ; പേറ്റിലബോധസു–
ഷുപ്തിയിൽ മുങ്ങിത്താണുകിടക്കേ
മറുപിള്ളയിൽ വന്നടിയുമുറുമ്പുകൾ–
തൻ കടിയേറ്റെൻ കൊമ്പുകുളമ്പുകൾ
വരെയും നീറിയ നീറ്റം പിറ്റേ–
പ്പുലരിയിലല്ലോ ഞാനറിയുന്നു!

അപ്പോളുണ്ടൊരു നിർഭരവിസ്മയ–
നിർവൃതിപുളകം; ജനനാൽപ്പരമര–
നാഴിക കഴിയുംമുമ്പേ കണ്ണിമ
മെല്ലേമെല്ലേ പാതി വടർത്തി–
ക്കൈയും കാലുമനക്കിനിവർത്തി വി–
റച്ചുവിറച്ചെഴുനേറ്റിട്ടോരോ
കൊച്ചുകുളമ്പടിവെപ്പും പതറി–
പ്പതറിയബോധജ്ഞാനം പോലെ–
ന്നകിട്ടിലസ്ഥാനങ്ങളിലരുമ–
ച്ചുണ്ടുകളുരസുന്നുണ്ടാമല്ലോ
സന്തതി; വാഴ്‌വിവിടെപ്പരമാത്ഭുത–
തരളം മിണ്ടാപ്രണിയെനിക്കും!

അടിമുടി കോച്ചിവിറയ്ക്കാനെന്തുടൽ
ഞൊടിയിൽ? ഇതവസാനത്തെപ്പൊലിയും
പകലോ? ദൈവം കരുണാമയനെ–
ന്നറിവു മൃഗത്തിന്നശരണസങ്കട,–
മക്ഷയമോക്ഷോപാസന, യനവ–
ദ്യാത്മജ്ഞാന,മൊരസ്വാതന്ത്ര്യം.

ബസ്സിലെയസ്വാതന്ത്ര്യപ്പാറയി–
ടുക്കിലരഞ്ഞ ശരീരം ക്ലേശി–
ച്ചൂരിയെടുത്തു വിഹായസ്സിൻ നേർ–
ക്കൊരു നെടുവീർപ്പിട്ടഷ്ടാവക്രൻ
നിവർന്നുനിന്നു നിരീക്ഷിക്കുകയോ
തൻ കൈവെള്ളയിൽ നോവും ഹൃദയശി–
രോരേഖകൾ മാഞ്ഞേടത്തുള്ള ത–
ഴമ്പ,തിൽ മുത്തുകയോ തൻ ഹൃദയം?

# ജ്യോതിർലിംഗം

ഒരു വർത്തുളജ്യോതിർലിംഗമീ ബ്രഹ്മം; സ്വർണ്ണ–
വരയാലതെന്തിന്നു രണ്ടാക്കിപ്പകുത്തിട്ടൂ?
അറിയാം തെക്കൻകർണ്ണാടകത്തിലൊരുത്തിക്കാ–

പ്പൊരുൾ; ആ ജഗന്മാതാവല്ലയോ അവിരാമം
അകലേക്കകലേക്കാ സ്വർണ്ണരേഖയെ നീട്ടി–
യെറിവൂ ദയാപൂർവ്വമിപ്പൊഴും? അതല്ലല്ലീ
പണ്ടൊരിക്കലെൻ പാഞ്ചഭൗതികരസനയിൽ
പാവിയക്ഷരത്രൈകാലികമാം ത്രിമധുരം!
ആ വര കൊല്ലൂരിൽ നിന്നോടിവന്നസ്തിത്വത്തെ–
യാവരിക്കുമ്പോ,ളെന്നിൽ പ്രപഞ്ചം ജനിക്കുമ്പോൾ
പത്മപാദാചാര്യരെപ്പോലെ ഞാൻ ഭാഗീരഥീ–
ദുഃഖകല്ലോലങ്ങളിൽച്ചവുട്ടി നടക്കുമ്പോൾ
അറിയുന്നു ഞാനെത്ര നേർത്തതീ ദ്വൈതത്തിൻ പൊൻ–
വരയെന്ന, ജരശാങ്കരസങ്കൽപ്പോൽഭിന്നേ!

## പരീക്ഷ

ആന ചത്തപ്പോളാനക്കാരന്നു മദം പൊട്ടീ,
പുന പെറ്റാൺപൂനയ്ക്കു പേറ്റുനോവാരംഭിച്ചൂ,
ആകാശം കറുത്തപ്പോൾ ഭൂമിയിൽ പെയ്തൂ മാരി,
ആലുവാപ്പുഴ നിറഞ്ഞങ്ങാടിപ്പുറം മുങ്ങീ.
യുക്തികൾ തുറുകണ്ണിൽ കവിടിയുരുട്ടുമ്പോൾ
ഭക്തികളിമപൂട്ടിസ്സുഖത്തിൻ നാമം ചൊല്ലീ,
ജ്ഞാനികൾ പുലാവിലത്തോണിയാൽ കടൽ താണ്ടീ
മാനികൾ കപ്പൽത്തട്ടിലിരുന്നു നിരങ്ങുമ്പോൾ.
നരകത്തിൽനിന്നുദിച്ചുയർന്ന വെളിച്ചത്താ–
ലിരുളിൻ സ്വർഗ്ഗത്തിലെക്കണ്ണുകൾ പൊട്ടിപ്പോയീ.
അമ്പലപ്പുഴയെന്തെന്നറിഞ്ഞൂ ഗുരുവായൂ–
രമ്പലത്തിലെദ്ദേവൻ ഭജനക്കാർതൻ തിക്കാൽ.
പുത്രദുഃഖത്തിൻ ജ്ഞാനപ്പാന കേട്ടല്ലീ പക്ഷേ,
പുഷ്പകവിമാനം പണ്ടിടത്തുപുറത്തെത്തീ?

## ഏകാവലംബം

അങ്ങയ്ക്കീ സൃഷ്ടിസ്ഥിതിസംഹാരധർമ്മം തീരെ
മടുത്തിട്ടില്ലേ? ഇതുപരതന്ത്രതയായി–
ത്തോന്നിയിട്ടില്ലേ? പാവമുഷസ്സിൻ പുളകത്തിൽ.
വിരിയും പനീർ മൃദുമണത്തിൻ കവിളത്തെ–
സ്സുമനോഹരഹൈമശീതളനിമിഷത്തിൻ
കനവിലുദയാർക്കകിരണം നാനാവർണ്ണ–
ദ്യുതിയായ് ചിതറുന്ന പാവനസ്ഫോടത്തിൽവെ–
ച്ചങ്ങനെ ചോദിച്ചുപോകുന്നു ഞാൻ വീണ്ടും സ്വാമിൻ!

ൗൗൗ

എനിക്കാണെങ്കിൽ, തീരെ മടുത്തൂ, പലവട്ടം
മടുത്തൂ, രമണീയമെങ്കിലും പഴതാമീ–
യുദയാസ്തമയങ്ങൾ ചൊരിയും ധാരാളിത്തം,

മഴവില്ലുകളിലെയേകതാനത, താരാ–
നിരകൊണ്ടിളിക്കുന്ന ഭീകരനിശീഥത്തെ
വിലയിപ്പിപ്പോരുദ്യച്ചന്ദനസുശീതള–
കൗമുദീപ്രവാഹങ്ങൾപോലും, ഹാ, പരതന്ത്ര–
ജീവമാതൃകകളിൽ കിളരും കണ്ണീർമാത്ര–
മെന്റെ മുത്തെന്നാവേശമെൻ വാളെൻ തൂവൽത്തുമ്പും!

# പുഷ്പകവിമാനത്തിൽ

ഭാഗ്യവാന്മാർതൻ കാറു പൊടിപാറിപ്പൂ, ഞാന–
യോഗ്യനിപ്പരിഷ്കാരയുഗസന്നിധാനത്തിൽ
മുഖം കാണിക്കാൻ! വയസ്സമ്പതായിട്ടും വള്ളി
മുറിഞ്ഞ ചെരിപ്പിന്മേലല്ലയോ നടക്കേണ്ടൂ!
ഒരുമാസമല്ലിരുമാസമായ്: പുതിയൊരു
ചെരിപ്പും കാശും തമ്മിൽ കണ്ടുമുട്ടിയിട്ടില്ല!
''ഇരിക്കാൻ പുരയില്ലേ, കൃഷിക്കാൻ നിലമില്ലേ,
ശരിക്കും മാസാന്ത്യത്തിൽ ശമ്പളം വരുന്നില്ലേ?''
ഉത്തരം പറയുവാൻ നിന്നുവോ, തീർന്നൂ നേര–
ത്തെത്തുവാൻ കഴിയില്ലിദ്ദിവസം യുഗധർമ്മ–
ശാലയിൽ,നടന്നേക്കാം കേൾക്കാത്ത ഭാവത്തോടെ;
ചോലപോലൊലിക്കുന്ന വിയർപ്പിന്നുള്ളിൽക്കൂടെ
മുറിച്ചു കടന്നാലോ തേക്കിൻകാടുമൈതാനം?
കുറയ്ക്കാമപ്പോളഞ്ചു മിനുട്ടിൻ പദന്യാസം.
നിർത്തിയ കാറിൻഡോറിൽ ജനിക്കുന്നുവോ ചിരി–
ച്ചെത്തിടും വദനങ്ങൾക്കടിയിൽതൊഴുകൈകൾ?
''വരണം നാളെ പ്രസംഗിക്കുവാൻ!'' വെയ്‌ലത്തു നി–
ന്നുരുകീ: ശിരസ്സിലെക്കീർത്തിഭാരമേ ഭാരം!
ഉത്തരം പറയാതെ നടന്നേൻ സത്യത്തിന്റെ–
യുദ്വിഗ്നമുഖം തിരിച്ചുഴറും കാൽവെപ്പോടെ,
മുപ്പതു നിക്കൽത്തുട്ടിന്നല്ലയോ ബസ്സിൽത്തൂങ്ങി–
നിൽക്കാതെ സിമന്റിട്ട തീയിൽ കാൽ പിടയ്ക്കുന്നൂ!
പാഞ്ചഭൗതികപാരതന്ത്ര്യവും പേറി പ്രാഞ്ചി–
പ്രാഞ്ചിയുള്ളൊരിപ്പോക്കിന്നവസാനമെന്നാവോ!
അറിവീല ഞാനൊന്നുമെങ്കിലും ചൂഴെച്ചരാ–
ചരബദ്ധനാം ദൈവമൊക്കെയും ഗ്രഹിക്കുന്നു.
അവന്റെ നാമംമാത്രം മിടിപ്പൂ മമ ഹൃത്തി–
ലവന്റെ നാമം മാത്രം സ്ഫുരിപ്പൂ രസനയിൽ.
നാമമാധുര്യത്തിൽ ഞാനാണ്ടാണ്ടു മറയുമ്പോൾ
നാദവൈഖരിയിലെന്നശ്രുവും ലയിക്കുമ്പോൾ
കമനീയമാമേതോ പുഷ്പകവിമാനത്തിൽ
നിമിഷം യുഗധർമ്മശാലയിലിറങ്ങുന്നു!

# ചമ്മട്ടിയില്ല

ഞാനറിയുന്നൂ ജാതനായതീക്കുതിരതൻ

ജീനിയിൽ; നാഭീനാളമെൻകൈയിൽ കടിഞ്ഞാണും!
കുതിച്ചുപായും നിർദ്ദാക്ഷിണ്യത്തിൻ പുറത്താടി–
ക്കുലുങ്ങിക്കൊല്ലങ്ങളിലൂടെ ഞാൻ പറക്കുന്നു.
പൊതിച്ചോറൊടുങ്ങീ തോൽക്കൂജയിൽക്കുടിനീരും;
പൊക്കണം മുതുകെല്ലിൽ പ്രഹരിക്കയായ്ക്കാറ്റിൽ.
''ഒന്നു വിശ്രമിക്കട്ടേ ഞാ,'' നെന്നു കെഞ്ചീ; മൃഗം
നിന്നില്ല; വലിച്ചപ്പോൾ കടിഞ്ഞാൺ പൊട്ടിപ്പോയി.
നാറുന്നു വിയർപ്പുകൊണ്ടിന്നു കൂർപ്പാസം, ക്ഷീണം
പേറുന്നിതാജ്ഞാചക്രം, വീഴും ഞാൻ ഹതബോധൻ!

ഊഊഊ

നിങ്ങളിങ്ങനെ തൂവാലക്കൈകൾ വീശിത്തന്നെ
നില്ക്കുവിൻ പാർശ്വങ്ങളിൽ; നിതരാം പ്രകീർത്തിപ്പിൻ:
കുഞ്ചിരോമത്തിൽച്ചുറ്റിപ്പിടിച്ചീ മൗഢ്യത്തിന്റെ
കുമ്പയ്ക്കു വീക്കാനില്ല ചമ്മട്ടിയെന്നെൻ ദുഃഖം.

# വീടു വേണമോ?

വണിയുന്നൂ നീ ഗ്രാമശാന്തിയിൽ നിൻ സങ്കൽപ്പം,
പണി കിട്ടുന്നൂ പക്ഷേ, പട്ടണസംഘർഷത്തിൽ.
താമസമാക്കീ ചെന്നിട്ടൊരു വാടകവീട്ടിൽ;
ഗ്രാമീണഗൃഹത്തിലോ, മരപ്പട്ടിയും പാർത്തൂ.
വിൽക്കണമാർക്കെങ്കിലുമാ ഗൃഹം! കാണുന്നില്ല
വിക്രേതാവെന്നാൽ ഗ്രാമ ഭൂമിയിൽ ക്രേതാവിനെ:
പട്ടണബസ്സിൽ ചാടിക്കേറുവാൻ കാലും പൊക്കി–
യൊട്ടിയ വയറോടെ റോട്ടിൽ നിൽപ്പല്ലോ ഗ്രാമം.

ഊഊഊ

തലയിൽ കൂറ്റൻവീടുമായുറക്കത്തിൽപ്പോലു–
മലയുന്നൂ നീ 'വീടു വേണമോ വീടെ'ന്നൊരു–
മൊഴി കുഗ്രാമാന്തരീക്ഷങ്ങളിൽ വർഷിക്കവേ;
വഴിയാത്രയിൽ തേഞ്ഞു തേഞ്ഞുതാനില്ലാതായ് നിൻ
കാലുകൾ; എന്നിട്ടും നീയിരുന്നു നിരങ്ങിച്ചെ–
ന്നാലൊടാൽത്തറയോടും ചോദിപ്പതതേ ചോദ്യം!

# കാലഹൃദയം

കള്ളക്കടത്തിന്റെ കാറാൽ കടപ്പുറനിരത്തുകൾ
തേഞ്ഞരഞ്ഞുകഴിഞ്ഞിട്ടും ചുവന്നീടുന്നു സന്ധ്യകൾ.

ഫോറിൻസാരിപ്രകാശങ്ങൾകാറ്റേൽക്കും സൗരഭങ്ങളിൽ
മുതലാളിത്തലഹരിക്കൂത്തടിക്കുന്നു ഹോണുകൾ.

താടിമീശയൊടൊന്നിച്ചുമുടിതോളത്തു തട്ടവേ
ക്ഷൗരക്കടയടയ്ക്കുന്ന ചെത്തം കാതിൽ ചിരിച്ചുവോ?

നാലുരൂപയ്ക്കു വിൽക്കുന്ന ലിറ്റർച്ചാക്കരിതൻ മണം
ഉണ്ണാനായ് ക്യൂവിൽ നിൽപ്പല്ലോനരച്ച ജനകീയത!

കടത്തിൽ മുങ്ങിത്താഴുന്ന പുന്നെൽക്കട പഴുക്കവേ
വളം വാങ്ങാൻ പോയ ചെത്തിൽമുളയ്ക്കുന്നില്ല പുല്ലുകൾ.

ലെവി പുക്കിച്ച നട്ടെല്ലു നിവരുംമുമ്പുതന്നെയോ
കൂട്ടിൽക്കയറി നിൽക്കേണ്ടൂ ദുർബ്ബലഗ്രാമനഗ്നത!

യന്ത്രവേഗപ്പല്ലിടുക്കിലാടിനിൽക്കും കരച്ചിലിൽ
നാവിറങ്ങിപ്പോയ കാക്കിക്കണ്ണീരാരുള്ളു കാണുവാൻ?

കടപ്പുറത്തുള്ള കള്ളക്കടത്തിൻ കാറിലപ്പൊഴോ
മീശകൊമ്പിച്ച കണ്ണോടേ പറന്നു ഭാവിമാന്ത്രികൻ?

വിശന്നു ചത്ത ധർമ്മത്തിൻ ശവങ്ങൾ മറചെയ്യുവാൻ
മദ്യശാലയിൽനിന്നെപ്പോളെത്തും നിയമഭാസ്കരൻ?

തലചുറ്റിച്ച ദുർഗ്ഗന്ധം വമിക്കും പാതിരാവിലും
പവിത്രമോതിരം മോറിയത്താഴക്കഞ്ഞിതൻ കലം.

ഉറങ്ങുമ്പോളെണ്ണിവെച്ച നൂറുറുപ്പികനോട്ടുകൾ
പത്തുറുപ്പികനോട്ടാവും നികുതിപ്പുലർവേളയിൽ

അഞ്ചുകൊല്ലത്തേക്കു ചോറ്റിൽ പൂഴി വാരിയിടേണ്ടവൻ
ആരെന്നു നിർണ്ണയിക്കട്ടേ വോട്ടിന്റെ കവിടിക്രിയ.

# ശംഖിൽനിന്ന് ഒരു പുഴ

എന്നിലെദ്ദൈനന്ദിന നരകത്തിൽ നിന്നല്ലോ
വന്നു ഞാൻ നിലത്തൂടെ നടന്ന ഗന്ധർവ്വ, നി–
ന്നസ്ഥിമാടത്തോളമിന്നെ,ന്തിനെന്നോതും മുമ്പീ
പച്ചിലക്കുളിരിന്മേൽ കമിഴ്ന്നു വീഴട്ടേ ഞാൻ.

ഒഴുകും തപ്താനന്ദം കൊണ്ടു ഞാനാദ്യം തന്നെ
കഴുകട്ടേ നിൻ കാട്ടുപൂവിരി മുഴുവനും.

ഇന്നു ചെയ്യേണ്ടുന്നതു ചെയ്തുവെന്നൊരു തളി–
രുന്നമിച്ചാലോ പെട്ടെന്നെന്റെയൂഷരഭൂവിൽ?

അതുതാനനുക്ഷണമൃത്യുവാം വാഴ്വിൻ സ്വർഗ്ഗം;
അതിൽനിന്നാൺപൂവിട്ടതല്ലയോ സംസ്കാരങ്ങൾ?

ഇരുപത്തഞ്ചാണ്ടായി, ചിറകുള്ളൊരു വെള്ള–
ക്കുതിരപ്പുറത്തേറി നീ മറഞ്ഞീടും മുമ്പേ

വായ കോടിയും മിഴിയടഞ്ഞും, പരിത്യക്ത–
മായ നിൻവസ്ത്രം താഴെക്കട്ടിലിൽ കിടക്കുമ്പോൾ

കണ്ണുനീർ വറ്റാക്കേരളീയതയൊട്ടുക്കതിൻ
മുന്നിൽ വന്നത്യുച്ചത്തിൽ ചീറിയതോർപ്പേനിന്നും.

എന്റെ ചോരയിലെന്റെ മജ്ജയിൽ നിൻ വാത്സല്യ–
ത്തിന്റെ തോതെത്രത്തോളം? അന്നത്തെക്കണ്ണീർപ്പൂര–

പ്പറമ്പിലിരുന്നു നിൻ പോക്കുവെയ്ലൊളി ശുദ്ധീ–
കരിച്ചോരെൻ കൈവെള്ളകൊണ്ടെന്റെയസ്തിത്വത്തി–

ന്നടിത്തട്ടിലെപ്പരമാണുവെ കോലാറിലെ
പ്പൊടിമൺതരിയെന്നപോലെ ഞാൻ മതിക്കുമ്പോൾ

ഇരുളിൽ പ്രപഞ്ചങ്ങളപ്പാടെ മുങ്ങിപ്പോയ–
തറിഞ്ഞില്ല,റിഞ്ഞപ്പോൾ കിടിലംകൊണ്ടേനല്ലോ!

പ്രേമഗീതത്തിൻ വെള്ളിത്തിരമാലയിൽക്കൂടി
രോമഹർഷത്തിൻ നാനാവർണ്ണകേളിയിൽക്കൂടി

ഭൂമിയിൽ ദ്യോവിൽ പാതാളത്തിലും തവാത്മാവിൻ
വ്യാമിശ്രദുഃഖത്തിന്റെ വിസ്തൃതപക്ഷത്തിന്മേൽ

ചരിച്ചില്ലയോ, നിന്റെ കാലത്തു ജനിച്ചതിൽ
ചരിതാർത്ഥമാം പ്രാണരേണു ഞാനേറെക്കാലം?

നിർവ്യളീകം നിൻക്ഷണഭംഗുരാനന്ദത്തിന്റെ
ദിവ്യമാമനുസ്യൂത രിംഖണം കണ്ണിൻമുമ്പിൽ

അറ്റുവീണപ്പോളാട്ടേ, കേണു ഞാൻ; അക്കണ്ണീരോ
വറ്റാതെ നിൽപുണ്ടിന്നും സഹസ്രകിരണനായ്.

അക്കണ്ണീരിമവെട്ടിയുടയ്ക്കാൻ പ്രയത്നിച്ചു
നിൽക്കുന്ന ഞാനാകുന്ന നവയൗവനക്കാരൻ

ഇന്നിതാ നരകേറും ശ്മശ്രുക്കൾ, പൊട്ടിപ്പോയ
കണ്ണാടിനോക്കിച്ചെത്തിക്കോരുന്ന തിരക്കിലും

മൂളുന്നുണ്ടമാവാസിരഥ്യയിൽ ചരാതിലെ
നാളമായ് ജ്വലിച്ച നിന്നാപാതമാധുര്യത്തെ.

ആദ്യകാമുകിയുടെ ഹൃത്തുടിപ്പു,ദ്യുൽസ്മിതം
ആർദ്രസൗഹൃദസ്പർശസ്വേദബാഷ്പോച്ഛ്വാസങ്ങൾ,

ചുരുൾചായലിൻ പൂജാപുഷ്പസൗരഭ,മെന്റെ
കരളിൽ ജ്വലിക്കുന്നിതിന്നുമാ സർഗ്ഗോന്മേഷം!

കാതുള്ള മനുഷ്യരെയത്രയും കരയിച്ചു
കാട്ടിലെപ്പുല്ലേ, നിന്റെ ചങ്കിലെപ്പുഴവെള്ളം.

ഭുവനവ്യസനത്തിൻ നിർഭീകദ്ധ്വനി, കാല–
ശിവതാണ്ഡവതാളവട്ടത്തിൻ മൂർച്ഛാവർഷം!

കാലമെൻ വപ നാളെപ്പിഴിഞ്ഞാൽ, പരമാണു
കീറിയാൽ, കാണും നിന്റെ സംഗീതധൂളീപുരം

മറക്കാനാവാഞ്ഞല്ലോ വന്നു ഞാൻ കുട വടി
ചെരിപ്പും കുപ്പായവുമില്ലാത്തൊരാത്മാവോടേ.

ഇന്നു നിൻസ്മൃതിയുടെ നടയിൽ പരലക്ഷം
കണ്ണീരിൻ മണിമുത്തുമാല വീണൊലിക്കൊൾകേ

ഇന്നു ഞാനടിയറ വെയ്ക്കട്ടേ നിൻ പാദത്തി
ലെന്നിലെ ഹിംസ്രാഹങ്കാരങ്ങൾതൻ ഭീരുത്വത്തെ;

ഇന്നു ഞാൻ നിൻ പാദത്തിൽ വെച്ചു സന്ന്യസിക്കട്ടേ
വന്യമെന്നൽപ്പത്വത്തിൻ ഹിമവൽശിഖരത്തെ!

# ചർവ്വിതചർവ്വണം

വെറ്റിലടയ്ക്ക ചവച്ചിട്ടുമിനീർ
തുപ്പിക്കളവേൻ ഞാൻ:
ചൊട്ടയിൽനിന്നു തുടങ്ങിയതാണീ
സ്വഭാവവൈകല്യം.
'കഷ്ടമിതാരോഗ്യക്ഷയ'മാളുക–
ളുപദേശിക്കുന്നൂ:
'സ്പഷ്ടമിതാരോഗ്യക്ഷയ'മില്ലാ
ഭിന്നാഭിപ്രായം.
അവരുടെ മൊഴിയിൽ പതിരില്ലെന്നതു

പരമാർത്ഥം പക്ഷേ,
അവരറിവീലെന്നുള്ളിലിരിക്കും
മറ്റേപ്പരമാർത്ഥം:
മനസ്സിലോരോ ദുഃഖവുമൂറി–
ക്കട്ടപിടിക്കുമ്പോൾ
എനിക്കു വയ്യാ വെറ്റിലടയ്ക്കകൾ
ചവച്ചരയ്ക്കാതെ.
ഒരുദിവസം ഞാൻ തുപ്പിടുമുമിനീ–
രിന്റെ കരുത്തെന്നാൽ
തിരികെവരുന്നൂ കുലുക്കുഴിഞ്ഞൊരു
നാമം ചൊല്ലുമ്പോൾ.
വെറ്റിലടയ്ക്കയിലെന്നല്ലി,ഹ ഞാ–
നെഴുതും കടലാസിൽ
വറ്റിയ പേനയിൽ വല്ലപ്പൊഴുമതി–
ലുറന്നിടും മഷിയിൽ
ഈ മേശയിലീക്കസേലമേലീ
വിദ്യുദ്ദീപത്തിൽ
ശീമക്കുമ്മായത്തിൽ പണിതോ–
രീ വെണ്മാടത്തിൽ
ഇതിന്നുചുറ്റും നിന്നു കറങ്ങും
നാഗരികത്വത്തിൽ
കുതിർന്ന മണ്ണിന്നടിയിലുറങ്ങും
പുരാതനത്വത്തിൽ
കാണുന്നേ,നുൾക്കണ്ണു നിറച്ചും
കാണുന്നേനല്ലോ
തൂണിനകത്തു തുരുമ്പിനകത്തും
നാരായണരൂപം.
പാതയിലൂടെക്കൊടിയും ബാനറു–
മായി വരുന്നോരെ–
ന്തോതീ? ചെവിയിൽ ശേഷിക്കുന്നതു
‘നമോ ഹിരണ്യായ’
ഓരോ മുഖവും ഞാൻ വെവ്വേറെ നി–
രീക്ഷിച്ചപ്പോഴെ–
ന്തോരോ മാനവരൂപവുമോരോ
നാരായണരൂപം.
ഞാനൊരു പട്ടണവാസക്കാരൻ
കുപ്പായക്കാരൻ
കാണ്മതു പക്ഷേ, കാണ്മതിലെല്ലാം
നാരായണരൂപം.
ഇതു പൊള്ളാണെന്നാരോപിക്കാ–
മനുഭവശൂന്യന്മാർ–
ക്കി,താണുനേരിതുമാത്രം നേരെ–
ന്നെനിക്കു തോന്നുന്നൂ.
ഞാനാത്തോന്നലിലെന്നെ പ്രതിദിന–
മുടച്ചുവാർക്കുന്നൂ
ഞാനാക്കൽപ്പചികിത്സയിലനുദിന–
മുയിർത്തെണീക്കുന്നൂ;
പുഞ്ചിരിതൂകിത്തന്നരുളുന്നൂ
നിങ്ങൾക്കഭിവാദ്യം;

പുണർന്നിടുന്നൂ നിങ്ങളെ നിങ്ങടെ
പേർ ചോദിക്കാതെ.
ഉമിനീരിത്തിരി പൊയ്പോയാലെ–
ന്തെനിക്കു? നാവിന്മേ–
ലുറന്നുപൊന്തും നാമം വറ്റാ–
തിരിക്കണേ സ്വാമിൻ!

## ഒരു നാടോടിക്കഥ

എരോമവാരിയർ പരമപണ്ഡിത–
വരേണ്യനെന്നതു ജഗൽസുസമ്മതം;
പറഞ്ഞില്ലേ ശാസ്ത്രസദസ്സിലദ്ദേഹം
പതിനൊന്നാമത്തെ വയസ്സിൽ സംസ്കൃതം?
ഒരായിരം മുഴുമതികളെക്കണ്ടാ
ജരാനരാക്രാന്തൻ മറഞ്ഞുപോയിട്ടും
പറഞ്ഞുപോകുന്നു തലമുറകളാ–
പ്പരപ്രതിഭതൻ വരാപദാനങ്ങൾ,
കുളക്കടവിലെത്തുടുത്ത സന്ധ്യയിൽ
കുളിർത്ത നാമങ്ങളുറഞ്ഞുപൊന്തുമ്പോൾ:
''അരയിലെക്കോടിപ്പുളീർക്കരമുണ്ടി–
ന്നടിയിലെപ്പട്ടുതുണിക്കോണവാലിൽ
തുടിച്ചുപോൽ ശാസ്ത്രസദസ്സിലബ്ബാലൻ
സ്ഫുടാക്ഷരമായിപ്പറഞ്ഞ സൂത്രങ്ങൾ.''
എരോമവാരിയർ വെറും കഥാപാത്രം;
പരമാർത്ഥം പക്ഷേ, മനുഷ്യായുസ്സൊരു
മകരജ്യോതിസ്സായ് ജ്വലിപ്പിച്ച കാല–
മഹേച്ഛതൻ മനോമയകോശംമാത്രം!

## ക്വ ഭവാൻ?

അരിമണിതേടിനടക്കുമുറുമ്പേ,
ഗുഹയിലിരുട്ടിൽ കുനുകുതികാലുക–
ളുരുണ്ട പാറയിൽ മുട്ടിബ്ഭസ്മ–
ത്രിപുണ്ഡ്രനെറ്റിവിയർപ്പിലെ വേദന
പുരണ്ടു ചോന്ന വലങ്കൈവിരലിൽ
തറഞ്ഞ കരളൊടിരുന്നേപോയ് വിധി
ദർപ്പത്തിന്റെ പുറത്തോ?

ഉടുവസ്ത്രത്തിൻ കീഴിലിഴഞ്ഞൂ
ഭയമോ വഴുവഴെയുള്ള തണുപ്പോ?
ചാടിയെണീക്കെക്കമിഴും മുനയൻ–
പാറയിൽ മുട്ടിപ്പൊളിവൂ ജീവന–
കാമനതൻ തലയോടോ?

വീഴ്ചയിൽ വട്ടംചുറ്റുമിരുട്ടിൽ–
ക്കിടിലം കൊത്തിയതെങ്ങോ? നിൻ പൊ–

ക്കിളിലോ കരളിനകത്തോ?

ഒരു വിഷമൂർച്ഛ! സമാപ്തം സകലമ-
ഹേച്ഛ! ജഗത്തൊരനന്തവിയർപ്പോ?
ഞൊടിയിലൊരായുഷ്കാലം കുറുകിടു-
മീ നിർവൃതിയോ മർത്ത്യചരിത്രം?
വീഴ്നക്ഷത്രപ്പൊടിപോലകലും
മോഹനമിഹിരദ്വീപം?

സത്യമനാദ്യവസാനവിഷാദത-
മിസ്രംതാനോ? കേഴുകുറുമ്പേ,
''ക്വ ഭവാൻ; ക്വ ഭവാൻ; ക്വ ഭവാൻ?''

# ക്ഷീരപഥനിർവൃതി

അകലത്തെന്നെക്കരൾക്കൺകളിൽ പ്രതിഷ്ഠിച്ചെ-

ന്നരുമക്കിടാവിന്നു മുലപ്പാലൂട്ടുന്നോളേ,
ഹരിനീലമാം സ്വന്തമർദ്ധമീലിതപക്ഷ്മ
നിരയിൽ കണ്ണീരൂറും സന്ധ്യാഗവെളിച്ചമേ,
നഗരം യന്ത്രത്തിന്റെ പൽകളാൽ നാവാലെന്റെ
സകലചൈതന്യവുമരിച്ചുകുടിക്കുമ്പോൾ
ചത്തുപോയെന്നാത്മാവിൽ ശ്വസിച്ചുനിവസിച്ച
മർത്ത്യനെന്നാലോചിച്ചുപോയി ഞാൻ പലപ്പോഴും.

ഋഋഋ

എങ്കിലും നിർന്നിദ്രമീസ്സിമന്റുഗുഹയിങ്ക-
ലെന്നിലെദ്ദുഃഖത്തിന്റെ പാതിരാവെരിയുമ്പോൾ
അറിയുന്നു ഞാനിന്നു നിന്നിലെ ദുഃഖത്തിന്റെ
കരകാണുവാനില്ലാപ്പൊയ്കതൻ ഹൃദയത്തിൽ
വിരിയും വെള്ളാമ്പലപ്പൂക്കളിലാകാശങ്ങൾ
ചൊരിവൂ പുണ്യക്ഷീരപഥനിർവൃതികളെ!

# വിദ്യാരംഭം

ചക്കാലനായരേ, കല്ലിച്ചുനിൽപ്പൂ നിൻ

തൃക്കാലടികൾതൻ സംഗങ്ങൾ
കാലചക്രം ചുരമാന്തിയ പൂഴിയിൽ;
കാണുന്ന കണ്ണു തുടിക്കുന്നു!
കാറ്റൊന്നനങ്ങിയാൽ പാറും മണലിലാ-
ക്കാലടിപ്പാടുകൾ കണ്ടല്ലി
മൂന്നു നൂറ്റാണ്ടാലുറഞ്ഞ മൗനം നിത്യ-
മുഗ്ദ്ധപുഷ്പാർച്ചയായ്ത്തീരുന്നു?
എന്തുകൊണ്ടാണിതെന്നങ്ങയോടല്ലെങ്കി-
ലെന്നോടുതന്നെ ഞാൻ ചോദിക്കേ
പൂഴിവിരിപ്പിൽ പടിഞ്ഞിരുന്നക്ഷര-
പ്പൂട്ടുതുറക്കും വിരൽത്തുമ്പാൽ

കാണുന്നു മീലിതനേത്രപടലത്തിൽ
കാന്തിമൽഭാസ്കരബിംബത്തെ!
കൈയിൽപ്പിടിച്ചതെഴുത്താണിതന്നെയോ
കാരിരുമ്പായ് ത്തീർന്ന കണ്ണീരോ?
നാലുമാറും കിടന്നാടിയിരുന്നതീ
നാരായത്തുമ്പിന്മേലാണല്ലോ!

## പ്രാണായാമം

ഉള്ളതായ്ത്തോന്നുന്നുവെങ്കിലുമോമനേ,
ഇല്ലാത്തതാണീ പ്രപഞ്ചം;
ഇല്ലാത്തതായ്ത്തോന്നുമെങ്കിലുമോമനേ,
ഉള്ളതുതാനീ പ്രപഞ്ചം.

കണ്ണുനീർകൊണ്ടു കുതർത്തിക്കുഴച്ചൊരു
മണ്ണുരുളയ്ക്കുമേലല്ലോ
മുറ്റിത്തഴച്ചുവളരുന്നു നമ്മൾതൻ
മുജ്ജന്മസൗഹൃദാവേശം.

ഓരോ മണിക്കൂറുമോരോ നിമിഷവു–
മോരോ പുതിയ ചിനച്ചം;
ഓരോ ചിനച്ചത്തിൻ കമ്പിലും പൂക്കുന്ന–
തോരോ പുതിയ വെളിച്ചം.

ഓരോ വെളിച്ചവും നാഡിപടലത്തി–
ന്നോരോ പഴയ വിഷാദം;
ഓരോ വിഷാദപയോദധിക്കുള്ളിലും
നാരായണപ്രഭുരൂപം.

എന്താണിത്തോന്നലിൻ നാരായവേരെന്നു
ചിന്തിച്ചുപോയാൽക്കുഴപ്പം.
ഞാനെന്ന ബോധമെന്ന,ല്ലെങ്കിലെന്നിലെ
പ്രാണനെന്നെൻ സമാധാനം.

പ്രാണനെന്തെന്നല്ലീ പിന്നെ? ഞാനാ വാക്കിൽ–
ക്കാണുന്നതീശ്വരലാസ്യം;
ഈശ്വരനെന്ന പദത്തിലോ കാണുന്നു
ശാശ്വതപ്രാണരഹസ്യം.

നാരായണപ്രഭു മാത്രമേ സത്യത്തിൽ
നമ്മൾക്കൊരാശ്രയമുള്ളു.
നാരായണപ്രഭുവിന്നുമില്ലാശ്രയം
നാവുള്ള നമ്മളല്ലാതെ!

## മലകയറ്റം

ഇരുന്നനുധ്യാനസമേതമങ്ങയെ
സ്തുതിക്കുമ്പോൾ സ്തുതിപ്രളയവാരിധി–
ത്തിരകളിലുപ്പുപ്രതിമയായ് മുങ്ങി

മുഴുകുവാൻ വെമ്പിക്കുതറുമെൻ ജീവൻ
മലകയറുവാൻ തുടങ്ങിയിട്ടെത്ര
വളരെയായ് വർഷം! വിദൂരനീലത്തി–
ലുറച്ച കണ്ണുനപറിക്കാതെയുണ്ണും
പൊതിച്ചോറും തീർന്നൂ; തിരിഞ്ഞുനോക്കുവാ–
നിടയുണ്ടായിട്ടില്ലിതുവരെ; ദൂരെ–
ശ്ശിഖരത്തിന്നുമ്മ കൊടുക്കയോ ശൂന്യ–
വിഹായസപ്രേമഘനാഘനം വീണ്ടും?
ഹരിനീലപ്രഭ ചൊരിയുന്ന കാടി–
ന്നമേയരൂപമെൻ കരളിലെപ്പരം–
പൊരുളേ, നീയായിച്ചമഞ്ഞുപോയല്ലീ?
അതല്ലിതാണിപ്പോളെനിക്കു ധർമ്മമെ–
ന്നുദയഭാസ്കരകിരണമെന്നുള്ളിൽ
പൊലിയാതെ നിൽപ്പതുകൊണ്ടല്ലയോ?
കനക്കും കാലിലെ ഞരമ്പുകൾക്കുള്ളിൽ
പിടയും കാലത്തിൻ ചുളുചുളെക്കുത്തീ–
ച്ചരലിലെന്നാലും മലർന്നടിക്കില്ലേ?
പ്രബുദ്ധതയിലെസ്സുഖങ്ങളാം ദുഃഖാ–
വഹങ്ങളെത്താണ്ടിസ്സുഷുപ്തികൊൾകെ ഞാൻ
ക്ഷമിക്കയില്ലയോ ത്വദീയമാനസ–
സരസ്സിലെ ശ്വേതമരാളിതൻ പ്രേമം?

ശരി, പക്ഷേ, തോളത്തിരിക്കുന്ന ഭാവി–
പരമ്പരയുടെ മൃദുലദൈന്യത്തിൽ
കിളരും നിശ്വാസമധുരസന്ദേശം
പുണരുമ്പോൾ സടയുറങ്ങുമെമ്മട്ടിൽ?

# പുതിയ പുരാവൃത്തം

‘‘തളിർ കാലടിയേറ്റ രോമഹർഷത്താൽ പണ്ടു
ചുളുങ്ങീ പാറപ്പുറം, ഇന്നുമാച്ചുളുക്കങ്ങൾ
നിലനിൽക്കുന്നൂ കുഞ്ഞിക്കാലടിക്കുഴികൾതൻ
നിരയായെൻ നാട്ടിൽ,’’ ഞാനതുകണ്ടനാളോർത്തേൻ,
‘‘ശിശുവാണു ഞാനർദ്ധനഗ്നനും, അരയ്ക്കഗ്നി
ശിഖചുറ്റിയതാളിപ്പടർന്നു പാളീടുന്നൂ.
ജ്വാലയെന്നരയിൽ നിന്നഴിച്ചുകളയുവാ–
നാളല്ല, ലജ്ജാലുത്വംകൊണ്ടു ഞാൻ ദഹിക്കുന്നൂ.
കാറ്റിലൂടൊരു കണ്ണീർമഴമേഘത്തിൻതീരാ–
ച്ചീറ്റലായ് ശ്ലഥശുഷ്കപത്രമായ് പറക്കുമ്പോൾ
ഉന്നതതമിസ്രത്തിൻ ഭീഷണപഥങ്ങളിൽ
ഛന്നമാം പകയുടെ നഖവും പല്ലും തട്ടി
വീണുവോ? കൃമികീടസാഹസ്രപുരീഷമായ്
താണുവോ ഭൂവിൽ? പക്ഷേ, സാർത്ഥവാഹൻതൻ കാതിൽ
യുഗസംക്രമഹ്രദമുഖത്താലുൽപന്നമായ്
മുഖരീഭവിച്ചില്ലേ നിത്യശൈശവദുഃഖം?’’

ൗൗൗ

നിലനില്ക്കുന്നൂ കുഞ്ഞിക്കാലടിക്കുഴികൾതൻ
നിരയായജ്ഞേയത്വമിന്നുമെൻ കുഗ്രാമത്തിൽ!

## ഹംസവും പുലിയും കൊറ്റനാടും

നിന്ന തീവണ്ടിക്കുള്ളിൽ ബസ്സിലും ചാടിക്കേറി
മുന്നിലെധർമ്മത്തിന്റെ നിഴലായലയുന്നൂ
ക്ഷീരമാധുരി പാടേ മറന്ന ഹംസം കുടി–
നീരിനായ്; കുതികൊള്ളും വാഹനസുമുഹൂർത്തം
പുൽക്കൊടിതേടിച്ചുറ്റിക്കറങ്ങും പുള്ളിപ്പുലി–
യച്ചനെക്കണ്ടെത്തുന്നിതെതിർഭാഗത്തെസ്സീറ്റിൽ.
കരളിൻ ഭൂലോകനിർവൃതിവാഞ്ഛകൾ പിന്നെ–
ക്കവലക്കടയിൽത്താംബൂലചർവണം ചെയ്കേ
മണ്ണിലാണിരിപ്പെന്നു ദുഃഖിക്കാൻ മറക്കുമ്പോൾ
ചിന്നിയാലെന്താ കനലുത്തമാംഗത്തിൽ സൂര്യൻ?

ൌൌൌ

''കിട്ടിയില്ലല്ലീ തളിർവെറ്റില?'' റോട്ടിൽ തെണ്ടും
കൊറ്റനാടല്ലോ നക്കിത്തോർത്തുന്നു ചെല്ലപ്പെട്ടി:
തളിർവെറ്റിലയില്ലാ, വാസനച്ചുണ്ണാമ്പില്ലാ,
കളിപ്പാക്കില്ലാ, ജാപ്പാണം പുകയിലയില്ല!
കിട്ടിയതെന്തും തുഷ്ടി പുലിക്കും ഹംസത്തിനും;
കൊറ്റന്നു വേണം പക്ഷേ, തളിർവെറ്റിലയിന്നും!

## മഞ്ചൽക്കാർ

നിന്റെ കൈപ്പടത്തിലെച്ചന്ദ്രമണ്ഡലപാർശ്വ–
മെന്റെ കൈയിലെശ്ശിരോരേഖയെ സ്പർശിച്ചപ്പോൾ
നീയപാരതയുടെ ദുഃഖരാത്രിയിൽ വിദ്യു–
ന്മായികസ്നേഹത്തിൻ നെയ്ത്തിരിയായ് ജ്വലിച്ചപ്പോൾ
ഓർത്തു ഞാൻ: സന്ധ്യാമൂകഗ്രാമസൗഭാഗ്യത്തിന്റെ–
യോരത്തു ചിരിക്കുമീ നിത്യമാം കല്ഹാരപ്പൂ–
വേതു ദൈവത്തിൻ കൃപാശുൽക്കമോ? പെട്ടെന്നയൽ–
പ്പാതയിൽ നീങ്ങീ പട്ടുമഞ്ചലിൻ മൂളക്കങ്ങൾ.
''മഞ്ചലിലേറ്റാനാരുണ്ടെന്നെ?''എന്നപ്പോൾ കാതിൽ
കൊഞ്ചി നീ; ഞാനുണ്ടെന്നോ ചൊല്ലിയെന്നഹങ്കാരം?

ൌൌൌ

ഒറ്റയ്ക്കു ചുമക്കുവാൻ ജന്തുവിന്നാകാ ഭാവി–
പ്പട്ടുമഞ്ചൽത്തണ്ടെന്നു നാമിപ്പോളറിയുന്നു.
ഇരുപേർചേർന്നാ മഞ്ചൽ പൊക്കുന്ന വേർപ്പല്ലല്ലീ–
യിതഃപര്യന്തധ്രുവതാരമായസ്മൽഭൂവിൽ?
എന്തിനെൻ ശിരോരേഖ ബന്ധിച്ചൂ ദൈവം നിന്റെ
ചന്ദ്രമണ്ഡലത്തോടെന്നില്ലിനിച്ചോദ്യം ഭദ്രേ!

# കേരളത്തപ്പൻ

(കേളപ്പജി മരിച്ച ദിവസം രാത്രി കോഴിക്കോട്ടെ ഗാന്ധിഗൃഹത്തിലാണ് മൃതശരീരം സൂക്ഷിച്ചിരുന്നത്. സന്ദർശകർ വന്നുംപോയുമിരുന്നു. 'രഘുപതി രാഘവരാജാറാം എന്നഗാനം രാത്രിയുടെ അന്തരീക്ഷത്തെ അത്യന്തം വ്യാകുലമാക്കി

ഞാനിരിക്കുമിശ്ശീമക്കുമ്മായക്കൊട്ടാരത്തിൻ
രേണുക്കളാളിക്കത്തീടുകയാണശരണം:
രാഘവ, രാജാരാമ, നീയുയിർക്കൊൾവൂ സീതാ–
രാമ, ഞങ്ങൾതന്നുജ്ജ്വലാധരങ്ങളിൽ വീണ്ടും.
ആ മന്ത്രം മുഴങ്ങുമിപ്പാതിരാത്രിതൻ കോടി–
രോമകൂപങ്ങൾക്കുള്ളിൽ കൊടുങ്കാറ്റായിട്ടയോ–
ദ്ധ്യയിലെ ത്രേതായുഗമുഹൂർത്തം! രാമൻ മുന്നിൽ
ശയിപ്പൂ പുഷ്പസ്നേഹശയ്യയിൽക്കണ്ണുംപൂട്ടി.

ഊഊഊ

ഉൽക്കടമേതോ മൂകചോദനയാലേ പുഷ്പ–
ചക്രവും ചുമന്നുവന്നെത്തുന്നു ബഹിർലോകം:
ആരാരും നിയോഗിക്കാതെത്തിയിട്ടൊന്നും ചെയ്യാ–
നാവാതെത്തളരുന്നൂ നന്ദിതൻ പരിപാകം:
പോയ ജീവാത്മാവിന്റെ ജഡസന്നിധിയിങ്കൽ
പോളചിമ്മിടാക്കണ്ണും നട്ടു നിൽക്കുന്നൂ ശോകം.

ഊഊഊ

ഭൂമിതൻ മകളെയല്ലിക്കുറിവേട്ടൂ രാമൻ
ഭൂമിയെത്താനെന്നിപ്പോളറിവേൻ; സർവ്വോദയ–
പ്രേമരൂപിണി വൈധവ്യാർത്തയാ വധു നിത്യ–
വ്യാമുഗ്ദ്ധ വീണാളല്ലോ രാമ, നിൻ ചരണത്തിൽ.
ആയിരം ശരീരത്തിൽ തിളങ്ങും പ്രാണസ്പന്ദം
വായുവിന്നില്ലാ സുതാര്യതയെന്നറിയുമ്പോൾ
തുച്ഛമേ വാഴ്വെന്നു ഞാൻ മറപ്പേൻ; ഓർപ്പേ, നിമ്മ–
ട്ടിച്ഛതൻ ഘനീഭൂതസ്നേഹാന്ധ്യക്കരുത്തായി
പിറക്കാൻ സാധിപ്പതുമുത്തുംഗനൈർമ്മല്യത്തിൽ
പറക്കാൻ സാധിപ്പതുമീശ്വരകടാക്ഷത്താൽ!
കേവലമനുഷ്യനല്ലിജ്ജഡമുപേക്ഷിച്ചു
കേരളത്തപ്പൻതന്നെയെന്നു ഞാനുൽപ്രേക്ഷിക്കെ,
ഉദയച്ചുവപ്പാർന്നൂ ചക്രവാളത്തിൻ പുണ്യ–
വദനം; ജഡസാന്നിദ്ധ്യത്തിൽ നിന്നവിരാമം
രാഘവ,രാജാരാമ, നീയുയിർക്കൊൾവൂ സീതാ–
രാമ, ഞങ്ങൾതന്നുജ്ജ്വലാധരങ്ങളിൽ വീണ്ടും!

# കടക്കാരൻ

എന്തെല്ലാം വിഷാദങ്ങൾ സഹിച്ചില്ലി,ഴയുന്ന
മന്തുകാലന്മാരായ ദശവത്സരങ്ങളേ,
നിങ്ങളെപ്പാർത്തീ വഴി വിളക്കിന്നുള്ളിൽക്കത്തും
നിസ്സഹായതപോലെ നിന്നിരുന്നവനാം ഞാൻ?

‘ഉദിക്കൊല്ലിനി നീ’യെന്നപേക്ഷിച്ചിട്ടും സൂര്യ–
നുദിച്ചൂ; പരക്കട്ടേ പുകയെൻ മിഴിയിലെ–
ച്ചില്ലിലെന്നാശിച്ചിട്ടും കാക്കകൾ കരയവേ
ചിമ്മിയ മിഴികളിൽ തെളിഞ്ഞു ജിജ്ഞാസകൾ.

ഄഄഄ

അപ്പോഴേക്കിതാ, വന്നു നില്ക്കയാണെൻ മുന്നിൽ, ത–
ന്നച്ഛന്റെ മടിത്തട്ടിലിരിക്കാൻ വെമ്പും സ്നേഹ–
ബുദ്ബുദം, അനവദ്യനിർമ്മലമന്ദസ്മേര–
ഗദ്ഗദം, ഇസ്സംസാരപാവനത്വത്തിൻ മുത്തു–
ക്കുടം! ഹേ, മഹാത്മാവാം നിത്യതേ, നിനക്കെന്നും
കടക്കാരൻ ഞാൻ, വാരിയെടുപ്പേൻ പുൽകീടുവേൻ!

# കല്ലുടക്കുന്നവർ

പാതവക്കത്തു കല്ലുടക്കുന്നു ഞാൻ;

പാഞ്ഞുപോകയാണങ്ങോട്ടുമിങ്ങോട്ടും
വാസരങ്ങളും മാസവും വർഷവും;
വായ നിൽപ്പൂ വളർന്നപാടിപ്പൊഴും.
വന്നവതരിക്കാത്തതെന്തെൻ മുന്നി–
ലന്നമായ് ജഗദീശ്വരകാരുണി?
അല്ല, ശൂന്യതയല്ലാതെ യാതൊന്നു–
മില്ലയോ സ്ഥലകാലക്കവലയിൽ?
ഇന്നലെഗ്ഘോരകാളാംബുദങ്ങളാൽ
ഖിന്നമായിക്കിടന്നൂ വിയന്മുഖം.
ഇന്നു സൂര്യനുദിച്ചപ്പൊഴേക്കതു
പൊന്നിലീശൻ കഴുകിത്തുടച്ചല്ലോ!
എങ്ങുപോയാക്കറുത്ത കണ്ണീരുകൾ!
ഇങ്ങറിയാവതൊന്നുമാത്രം വിഭോ,
നിത്യസത്യമേ ജന്തുവിൻ പള്ളയിൽ
കത്തിനിൽക്കുമനശ്വരശൂന്യത!

ഄഄഄ

പാതവക്കത്തു കല്ലുടക്കുന്നു ഞാൻ:
പാഞ്ഞുപാഞ്ഞുകൊണ്ടങ്ങോട്ടുമിങ്ങോട്ടും
സഞ്ചരിക്കുന്ന ഭാഗ്യരഥങ്ങളിൽ
പുഞ്ചിരിക്കൊള്ളും പുണ്യയുവാക്കളേ,
കുട്ടിയായിരുന്നപ്പൊഴിങ്ങെത്തിയി–
ച്ചുറ്റികകൊണ്ടടിച്ചുനുറുക്കി ഞാൻ
കോടികോടിക്കരിങ്കല്ലുപാറകൾ;
കോരിയിട്ടു നെടുകെയാച്ചില്ലുകൾ
ആദിയെങ്ങെന്നുമന്തമെങ്ങെന്നുമി–
ല്ലാതെ നീളുമീ നിങ്ങൾതൻ പാതയിൽ.
അച്ഛനായി ഞാൻ, മുത്തച്ഛനായി ഞാൻ;
ഉച്ചവെയ്‌ലത്തു കല്ലുടക്കുന്നു ഞാൻ.
നാളെ നിങ്ങൾതൻ മക്കൾതൻ കാറുകൾ
ചൂളമിട്ടുവരുമ്പോൾട്ടയറുകൾ

പൂഴിയിൽപ്പൂഴ്ന്നിടായ്‌വതിന്നെന്റെ വായ്
പൂട്ടിയെങ്കിലോ ലേശമെന്നാശിച്ചും.
അല്ല, ശൂന്യതയല്ലാതെ യാതൊന്നു–
മില്ലയോ സ്ഥലകാലക്കവലയിൽ?

## ചന്തപ്പടിക്കൽ

"ഉപനിഷത്തെഴുതിയ മഹർഷി പുസ്തകവൈശ്യ–
സവിധത്തിൽ നൂറ്റെട്ടേത്തമിടേണ്ടിവന്നൂ
ഉരിയരിക്കഞ്ഞിക്കെ,ന്നല്ല,വൻ ദിഗംബരനായി
നടന്നപ്പോൾ വഴിപ്പോലീസറസ്റ്റുചെയ്തു.''
ഭാവിയിലെപ്പത്രവാർത്തവായിലിട്ടു കുതിർക്കുന്ന
വർത്തമാനം മേശയിന്മേൽ തുറന്ന കത്തിൽ
കവിതക്കു ചെലവില്ല, ചന്തയില്ല! കത്തിൽ കരി–
മഷികൊണ്ടു കൈകഴുകും മഹാവണിക്കേ,
ആയിരക്കണക്കിലല്ലേ പൊലിക്കുന്നു കറൻസി വൻ
നോവൽ തീർക്കും കന്നുപൂട്ടിക്കൈകളിൽ താങ്കൾ?
കാറും ടെലിഫോണും വണ്ടൻനോവൽപ്പടപ്പുകാർക്കാട്ടേ!
കാലിൽ ചെരിപ്പിടാൻ കവിക്കർഹതയില്ലേ?
അരച്ചുറ്റിലൊരുമുഴം സഹസ്രാകവണിപോലു–
മണിഞ്ഞിടാതെമ്മട്ടവൻ പുറത്തിറങ്ങും?
നോവലിനും ചെലവില്ലാക്കാലമായാൽ ഭവാനഞ്ചു–
താരമുള്ള ഹോട്ടലുടൻ തുറക്കുമല്ലീ?
കള്ളുഷാപ്പു ലേലംവിളിച്ചെടുത്താലും വേണ്ടതില്ല;
കഴുത കുങ്കുമച്ചാക്കു തുറക്കില്ലല്ലീ?
കൊടുത്തുവോ കവിതയ്ക്കു പരസ്യമെന്നില്ലാ ചോദ്യം;
കടത്തിയില്ലല്ലോ താങ്കൾ ജനിച്ചശേഷം
കാതിൽ ചലച്ചിത്രഗാന പല്ലവിയെങ്കിലും: പിന്നെ–
ക്കാണുമെമ്മട്ടവിടുന്നീ മഹോദയത്തെ?
ജന്മാന്തരവ്യസനങ്ങൾക്കുള്ളിൽനിന്നു പരിണത–
പുണ്യാത്മാവിൽ കൺമിഴിക്കും സാരസ്വതത്തെ?

## ഭാഗ്യവതി

ഗുരുവായൂരപ്പാ, നിൻ
തിരുമുറ്റം ഹർഷബാഷ്പവർഷത്താൽ
മെഴുകുന്നേൻ ആരുണ്ടി–
ന്നെന്നെക്കാൾ ഭാഗ്യമുള്ള വധു വേറെ?

ആരെത്താങ്ങിയെടുത്തി–
ട്ടാളുകളീ മണ്ഡപത്തിലെത്തിച്ചൂ
ആ മമ വല്ലഭനല്ലോ
സ്വന്തം കാലാൽ പ്രദക്ഷിണം വെപ്പൂ?

കണ്ടവരല്ലാതാരും
നമ്പുകയില്ലീ മഹേന്ദ്രജാലം തേ,

കൊണ്ടറിയാൻതന്നെയെനി–
ക്കിടവന്നതു പൂർവ്വപുണ്യപരിപാകം!

എല്ലാം ശരി; എന്നിട്ടും
മമ ഹൃദയം നിത്യവിസ്മയാധീനം!
എങ്ങനെ വിരചിച്ചാനെൻ
പ്രിയനീ നാരായണീയപരിതോഷം?

കൂവളമാലകൾതാനീ–
ത്താമരമാല്യം ചുഴിഞ്ഞുനോക്കുമ്പോൾ;
ശങ്കരനാരായണാഭി–
ന്നതതാനിങ്ങിക്ഷണത്തിലനുമേയം.

കാണാറാവും മുമ്പേ
തൃക്കണ്ടൂരമ്പലത്തിലെച്ചിറയിൽ
സ്നാനം ചെയ്തു കൊരുത്തേൻ
കൂവളമാല്യങ്ങളെത്ര ഞാൻ മുന്നം?

കൂവളമാല്യവുമേന്തി
പ്രാതസ്സന്ധ്യാസമേതയായ് ചെന്നേൻ,
സോപാനത്തിൽക്കണ്ണും
കരവും പൂട്ടിത്തളർന്നു ഞാൻ നിന്നേൻ.

ഒടുവിലുമാവല്ലഭരുടെ
സുരഭിലമാം സുപ്രസാദപുണ്യത്തെ
നിറുകയിലും നെറ്റിയിലും
പൂണ്ടു പിഷാരത്തു ചെന്നുകേറുമ്പോൾ,

അപ്പൊളുമെഴുനേറ്റിട്ടു –
ണ്ടാവില്ലാ മച്ചിൽ നിന്നു മണവാളൻ;
മാതുലനോ കോലായയിൽ
നാളക്കംവെച്ചിരിപ്പുമുണ്ടാവും.

ഉടനുൽക്കണ്ഠിതയായ് ഞാൻ
മണിയറയിൽച്ചെന്നു വിരൽമിടിക്കുമ്പോൾ
കങ്കണനാദശ്രുതികൊ–
ണ്ടാവാം, നേത്രം വിടർത്തുമെൻനാഥൻ.

''നോക്കൂ, സൂര്യനുദിച്ചു, നു–
കത്തോളം പൊന്തി''യെന്നു കേൾക്കുമ്പോൾ
ഏട്ടായ തുടയ്ക്കാതൊരു
ചാട്ടംചാടും പരിഭ്രമക്കാരൻ.

ഓടിപ്പോവുകയാണാ–
ക്കുലധർമ്മഭ്രംശഭീരു; പോകുമ്പോൾ
കവിടിക്രിയ കാണുന്നൂ,
കാലുകവച്ചങ്ങെടുത്തു ചാടുന്നൂ,

അപ്പൊഴുതല്ലോ സാക്ഷാൽ
തൃക്കണ്ടൂരച്യുതപ്പിഷാരോടി
ചെറിയൊരു നസ്യത്താലെൻ
പതിതൻ സ്വപ്രത്യയത്തെ നോവിച്ചൂ!

ഇതു നിസ്സാരം, പക്ഷേ,
ഗുരുവായൂരപ്പനുണ്ടൊരുദ്ദേശം;
പട്ടേരിയിലുളവായീ

വിശ്വോത്തരഭട്ടപാദരന്നല്ലീ?

ക്ഷണികമൊരാത്മാന്വേഷണ–
മൊരുദിവസത്താൽ വിഭക്തിയായ്ത്തീർന്നൂ:
ഉത്താരകമത്താരക–
മിന്നോ ഉപസർഗ്ഗമുക്തഭക്തിരസം!

നേരിയൊരപമാനത്തിൻ
വേരിന്മേൽക്കായ്ച കദളിയാലിപ്പോൾ
പീയൂഷാപ്ലാവിത നീ
ഭൂമിയിലെദ്ദേവഭാഷതൻ നാവേ!

ഗുരുവായൂരപ്പാ, നിൻ
തിരുമുറ്റം ഹർഷബാഷ്പവർഷത്താൽ
മെഴുകുന്നേൻ: മറ്റെന്തീ
ഭാഗ്യവതിക്കിന്നിയുള്ളു കർത്തവ്യം?

# കാലത്തിന്റെ കടങ്കഥ

നീയല്ലെങ്കിൽ പുഴവെള്ളം കലക്കിനിന്നച്ഛൻ; പ്രാണ
വായുവിൽ കുംഭോദരന്റെ ധാർമ്മികരോഷം.
അച്ഛനാനപ്പുറത്തേറിയിരുന്നതിൻ തഴമ്പല്ലീ
കൊച്ചുമകൻ തൻ തുടയിൽ തെളിഞ്ഞുകാണ്മൂ?
അച്ഛനിരുന്നതു പക്ഷേ, മരാനതൻ പുറത്താണെ–
ന്നുച്ചരിച്ചീടേണമെങ്കിൽ സന്നതു വേണം.
ആനയെക്കടത്തീ കാലം സൂചിക്കുഴയിങ്കലൂടെ,
ആന പക്ഷേ, വെറും കുഴിയാനയായ്പ്പോയി.
പഴഞ്ചൊല്ലു ചേറിക്കൊഴിച്ചിരുന്നവരവസാനം
പതിരുകൾ വാരിത്തിന്നു മയക്കമായി.
തോണി മറിഞ്ഞിട്ടും തോണിപ്പുറത്തിരുന്നവർ കര
കാണുമെന്ന പിൻനിലാവിൽ തളർന്നുറങ്ങി.
അണ്ടി പോയതറിയാതെ നക്കിത്തുടച്ചിരിക്കയാ–
ലണ്ണാന്റെ കൈപ്പടംകൂടിത്തേഞ്ഞുപോയല്ലോ.
പുല്ലുതിന്നാൻ തുടങ്ങുന്നു ഗതികെട്ട പുലി ;പക്ഷേ,
പല്ലു പോയതറിയുന്നതൊടുവിലല്ലോ.
ആട്ടിൻതോലു പുതച്ച ചെന്നായ്ക്കളുടെ പാൽ കുടിക്കും
കാട്ടുമനുഷ്യന്മാരെന്നാക്കഥയറിയും?
കല്യാണത്തിരക്കുകൊണ്ടു താലികെട്ടു മറന്നപ്പോൾ
കന്യകയുമറിയാഞ്ഞതത്ഭുതം തന്നെ.

# കുറ്റിപ്പുറസ്മരണ

ഞാനോർക്കുന്നു മരിച്ച കേശവകവേ,
സാക്ഷാലിടശ്ശേരിയും
ഞാനുംകൂടി നടന്നലഞ്ഞു വിളറി–
ക്ഷീണിച്ചു മൂവന്തിയിൽ

കാണാൻ വന്നു ഭവാനെ; നിത്യഹരിത–
സ്നേഹത്തഴപ്പിൻ നടു–
ക്കാനന്ദക്കുളിർപ്പൊയ്കപോലെ വിലസീ
ത്വദ്ഗേഹമാച്ഛേന്നരെ.

പത്തായപ്പുരതൻ വരാന്തയിൽ നില–
ത്തിട്ടോരു പുൽപ്പായമേ–
ലത്താഴത്തിനുമുമ്പിലെന്നപടിയേ
ചമ്രംപടിഞ്ഞാസ്ഥയാ
ചിത്തായാസകുതൂഹലേന ചതുരം–
ഗക്കോപ്പുറപ്പിച്ചുകൊ–
ണ്ടുത്താനോജ്ജ്വലരൂപനങ്ങമരുമ–
ച്ചിത്രം സമീക്ഷിച്ചു ഞാൻ.

''ചീറിപ്പാഞ്ഞുവരാം, പടിപ്പുര ജവാ–
ലുന്തിത്തുറക്കാം, അക–
ത്തേറിപ്പൂച്ചെടിയൊക്കെ മുക്കിയുയരാം
കോലായവക്കോളവും
ദൂരത്തുള്ളറബിക്കടൽത്തിരകളേ,
കാണില്ല, കേൾക്കില്ലതീ–
ദ്ധീരദ്യൂതനിലീന,''നെന്നു നിലകൊ–
ണ്ടൂ ഞങ്ങളാത്താദരം.
പിന്നീടാണ്ടുകളെത്രയാ,യിതിനിട–
യ്ക്കെന്തൊക്കെ ഹർഷം ജഗ–
ത്തിന്നുണ്ടായി! ഭവാനൊടൊത്തു കവിതാ–
പാരായണം ചെയ്ത ഞാൻ
ഇന്നോർക്കുന്നു സുഖത്തൊടെ,ച്ചെറുളിയിൽ–
ക്കുഞ്ഞുണ്ണിനമ്പീശനിൽ–
പ്പുണ്യാത്മാവു വിടർന്ന പാതിരയിൽ നാം
തീവണ്ടിയിൽപ്പോയതും!

എല്ലാം തീർന്നൊടുവിൽ ഭവാൻ മിഴി–
യിൽനിന്നെങ്ങോ തിരോഭൂതനാ–
യെങ്കിൽക്കൂടി നുണച്ചിറക്കിടുകയാ–
ണുണ്ടായതൊട്ടുക്കു ഞാൻ;
ഇന്നേറ്റം മധുരിച്ചുകൊണ്ടുവിരിയും
ഗ്രാമത്തിലെക്കയ്പ്പത–
ന്നുണ്ണിക്കായ്കളറുത്തെടുത്തവയിലെ–
ക്കാവ്യങ്ങൾ ഞാൻ മൂളവേ.

# എക്സ്റേ

ജോറുള്ള വേഷമണിഞ്ഞുനില്ക്കേ
കാറിലിരുന്നു പറന്നുപോകേ
ഞങ്ങളെക്കാണുന്ന നിങ്ങളോർത്തീടുന്നു
ഞങ്ങളാണിന്നത്തെബ്ഭാഗ്യവാന്മാരെന്നും
നിങ്ങളൊട്ടാകെ നിർഭാഗ്യരെന്നും

പള്ളിതന്നുള്ളിലെക്കാര്യമെന്നാൽ
അള്ളാവിനല്ലാതറിഞ്ഞുകൂടാ:
എണ്ണതേക്കാൻ കുളിച്ചുണ്ണാനുറങ്ങുവാ–
നുണ്ണിക്കിടാങ്ങളെത്താലോലിക്കാൻ പോലു–
മിന്നു ഞങ്ങൾക്കു സമയമില്ല.
വീട്ടിൽ വന്നന്തിക്കൊരു ചുമരിൽ
കോട്ടൂരിത്തൂക്കുമ്പോളായിരിക്കും
മൃത്യുവക്ത്രത്തിൽക്കിടന്നു പിടയുന്ന
വൃദ്ധന്റെ നിസ്സഹായാത്മദുഃഖം വന്നു
മുട്ടുന്നു പൂമുഖവാതിലിന്മേൽ
കഷ്ടിച്ചു പാതിരാവായശേഷം
കട്ടിലിൽക്കൈകാൽ നിവർത്തിടുമ്പോൾ
വാതിൽക്കൽ മുട്ടുന്നതെങ്ങോ പൊരിയുന്ന
മാതാവിൻ പേറ്റുനോവായിരിക്കും; അപ്പോൾ
സാധിപ്പതാർക്കു കിടന്നുറങ്ങാൻ?
കിട്ടുന്നു നാണയം വേണ്ടുവോളം;
കിട്ടുന്നതൊക്കെച്ചെലവിടുന്നു:
ജീവിതത്തിൻ കണക്കാകെയിടുമ്പൊഴോ?
ജീവിക്കുവാനേ മറന്നുപോയെന്നുള്ള
നോവുന്ന ഗദ്ഗദം ബാക്കിനിൽപ്പൂ.
എങ്കിലും ഞങ്ങൾക്കു കൂസലില്ല,
കൺകളിലശ്രു പൊടിവതില്ല.
നഷ്ടങ്ങളത്രയും നേട്ടമായെണ്ണുന്നു,
കഷ്ടപ്പെടുന്നു കറുക്കുവോളം, വീണ്ടും
കഷ്ടപ്പെടുന്നു വെളുക്കുവോളം.
കാരണമെന്തെന്നോ? ലോകമേ, നിൻ
കണ്ണുനീരൊപ്പിയെടുത്തിടുന്നു
കണ്ഠത്തിലെ സ്റ്റെതസ്ക്കോപ്പല്ല ഞങ്ങൾതൻ
കൈയിലെക്കത്രികപോലുമല്ല, നെഞ്ചിൽ
കത്തുന്ന ജീവാനുകമ്പയല്ലോ!

# ദിവാസ്വപ്നം

**ക**ണ്ടുപിടിച്ചൂ ശാസ്ത്രമെന്തൊക്കെ? അജ്ഞാതം താ–
നണ്ടിയോ മാവോ മൂത്തതെന്നവസ്തുതയിന്നും.
വ്യക്തിയെസ്സമുദായം സംരക്ഷിക്കണം, പക്ഷേ,
വ്യക്തികൾ കൂടിച്ചേർന്നതല്ലയോ സമുദായം?
കടമ ചെയ്യാത്തവന്നെന്തവകാശം? സ്വന്തം
കരണത്രയമല്ലാതില്ല മോക്ഷോപായം മേ.

ൟൟ

അത്രയേ ചിന്തിക്കുവാനിടയായുള്ളൂ: പെട്ടെ–
ന്നമ്മതൻ സൗമ്യസ്മേരമുഖമല്ലയോ മുന്നിൽ?
അച്ചേലപ്പുതപ്പിന്മേൽ തൂങ്ങിയും പിന്നിൽപ്പെട്ടാ–
ലക്കാൽമടമ്പിൽ ചേമ്പുപറിച്ചും നടപ്പേൻ ഞാൻ
എത്രയോ വർഷങ്ങൾമുമ്പിളവെയ്‌ലാളും ടിപ്പു–
സുൽത്താന്റെ നിരത്തിലൂടമ്മാത്തേക്കാവാമല്ലീ?

''എത്രയുണ്ടമ്മേ, ദൂരമമ്മാത്തേക്കില്ലത്തുനി–
ന്നെ''ന്നു ചോദിക്കും മുമ്പേ പറഞ്ഞുതരുന്നല്ലോ,
''പത്തുനാഴിക''; മണ്ണിലിരുന്നു കടയും കാൽ–
പ്പത്തിയിൽ തടവുമ്പോൾ പിന്നെയും ചോദിപ്പൂ ഞാൻ,
''ഇല്ലത്തേക്കമ്മാത്തുനിന്നെത്രയുണ്ടമ്മേ, ദൂരം?''
ചൊല്ലുന്നില്ലതിന്നമ്മ തൽക്ഷണം സമാധാനം.
ചിരിച്ചിട്ടെന്നെക്കോരിയെടുത്തിട്ടൊക്കത്തുതാ–
നിരുത്തിച്ചുംബിക്കുന്നു,''പത്തുനാഴികതന്നെ!''

## നിളയിലെ നിർവൃതി

പ്രഭാതനക്ഷത്രകാന്തി പുരളും നിളയിൽപ്പുരാ
വെള്ളിയാൽത്തീർത്തപോൽ വെട്ടിത്തിളങ്ങുന്നൊരു തോണിയോ?

ഇരുണ്ട പൂർവാചലത്തിൻ പിന്നിലെ സ്വർണ്ണരശ്മിയാൽ
വിദൂരതയിലെ ക്ഷീര പഥം മായാൻതുടങ്ങിയോ?

അമ്മ പോറ്റമ്മയോടൊത്തു തോണിക്കൊമ്പത്തിരിക്കവേ
പാളത്തൊപ്പിക്കീഴിലിരുൾച്ചിരിയോ തുഴയൂന്നുവാൻ?

അരാളമഞ്ഞൾച്ചിറ്റോളം വകഞ്ഞോടം ചലിക്കവേ
ഏതു വാത്സല്യാധരോഷ്ഠം ശൈശവാശ്രുക്കളൊപ്പിയോ?

ഏതോ രാജാവിന്റെ കഥ കുളിർകാറ്റിൽ മിടിക്കവേ
വിളറും ചക്രവാളത്തിൽ ചന്ദ്രക്കലയുറങ്ങിയോ?

പ്രശാന്തിയെത്ര മധുരം! ആ മുഹൂർത്തത്തിലല്ലയോ
അറിഞ്ഞൂ ജീവ, നീ ആത്മ ജ്ഞാനരാഹിത്യനിർവൃതി?

## ഭാരതപ്പുഴയിൽ

തിരുവാതിരഞാറ്റുവേലയാണത്രേ, കാലിൻ
ഞെരിയാണികൾപോലും നനയാതെ ഞാൻ നിൽപ്പൂ
ഭാരതപ്പുഴയുടെ മദ്ധ്യാഹ്നച്ചുടുവെയിൽ–
ത്താരയിൽ കാലിൻചോട്ടിലെൻ നിഴലൊളിക്കുമ്പോൾ.
ദൂരെയാ മലമ്പുഴത്തടവിൽ കിടക്കുന്ന
ദാരുണൻ വരുണന്റെ കണ്ണുനീർച്ചാലല്ലല്ലീ
ഇപ്പൊഴെൻ ചരണത്തെ നക്കിക്കൊണ്ടൊഴുകുന്ന
നിർഭരവ്യസനം? കണ്ടെത്തി ഞാൻ ചെറുപ്പത്തിൽ,
ഒറ്റക്കാർകൊറ്റക്കുടയ്ക്കടിയിൽ പ്രപഞ്ചങ്ങ–
ളൊക്കെയും ചൂളിക്കൂടി വിറയ്ക്കും പെരുമഴ–
ക്കടലിൻകീഴിൽ ജനത്വര മുറ്റവേ തോണി–
ക്കടവിൽ തങ്ങീ കാകരൊത്തൊരു വൃദ്ധൻകാക്ക!
വൃദ്ധനും കാകന്മാർക്കും ഭയം: ആപ്പുതുവെള്ള–
ക്കുത്തിനെവിലങ്ങുമോ ഉപജീവനത്തോണി?

## ഹോരയും ഞാനും

ഹോര മുഴുവനും നോക്കി മടക്കിവെയ്ക്കുമ്പോളുള്ളിൽ
'ക്രൂരനല്ലോ വിധി'യെന്ന വിഷാദഭാവം.
പന്തിരണ്ടു രാശികളിൽ ശൂന്യതയിൽ ചലിക്കുന്നു
പത്തു മഹാഗ്രഹങ്ങളീ ഭൂമിയോടൊപ്പം
അവയിൽനിന്നുതിരുന്ന രശ്മികൾതൻ സംഗമത്തി–
ലവനിയിലനുക്ഷണം ജനിപ്പൂ ജീവൻ.
ഒരൊറ്റ ബിന്ദുവേയുള്ളൂ സ്ഥലകാലക്കവലയി–
ലൊരു ജീവാത്മാവിന്നവതരണമാർഗ്ഗം.
അവന്റെ ഭാവരൂപങ്ങളഖിലവുമാശ്രയിപ്പ–
തതിനെമാത്ര,മാ വിത്തിലിരിപ്പൂ വൃക്ഷം.
പത്തു മഹാഗ്രഹങ്ങളിലാറും പാപരായിരിക്കെ
മർത്ത്യജന്മത്തിലെസ്സൗഖ്യമെത്ര നിസ്സാരം!
പരമഭാഗ്യവാൻപോലും ജീവിതപരീക്ഷയിങ്കൽ
കരസ്ഥമാക്കുന്ന മാർക്കു നാൽപതു മാത്രം!

ഊഊഊ

ഹോര വീണ്ടും തുറന്നു ഞാൻ, പൂർവ്വാധികശേമുഷികൊ–
ണ്ടോരോ വരിക്കിടയിലും തിരഞ്ഞുനോക്കി.
മടക്കിവെച്ചപ്പോളെന്റെ മഹാന്ധകാരത്തിൽ ക്ഷണം
സ്ഫുടമായ വിധിയുടെ മുഖം മൊഴിഞ്ഞു,
''നിനക്കു ഞാൻ കരുണയാൽ കർമ്മേന്ദ്രിയം തന്നേ,നെന്നാ–
ലെനിക്കു മോക്ഷോപാദാനമെന്തുള്ളൂ കുഞ്ഞേ?''

## പിപീലിക

മുറ്റത്തൊരു മാതളനാ–
രക,മാ വൃക്ഷത്തിനായിരം കൊമ്പും,
കൊമ്പുകളിൽ കായ്കനി, യൊരു
കനിതൻ ചോട്ടിൽ പിപീലികാശിശുവും.

ആദിത്യദ്യുതി തട്ടാ–
ത്തൊലിയിന്മേൽക്കൃമിയിഴഞ്ഞുനീങ്ങുമ്പോൾ
പൂർവാപരദിശകളിലവ–
നറിയാത്തുടുസൗരഭങ്ങൾ വിരിയുന്നൂ,

ഞാനാക്കൃമിയെക്കാളും
ലഘുവല്ലോ ഭൂമിയെന്ന ഗോളത്തിൽ
എന്നാലെന്നിച്ഛകളി–
ന്നുദ്ഭാസിക്കുന്നു ചന്ദ്രഗോളത്തിൽ.

ഒരു കാറ്റടി; ഞെട്ടറ്റാ–
ക്കനി വീണൂ താഴെയുള്ള ചളിമണ്ണിൽ;
ചാരെയുറുമ്പിനെ നോക്കി നി–
ലക്കൊൾവൂ ഞാനൊരായിരം വർഷം!

# നൂൽപ്പാലം

ഒക്കത്തിരിക്കും മകനോടുകൂടി
മുറ്റത്തുലാത്തും നവഹർഷവായ്പ്പിൽ
മേലോട്ടു നോക്കീലൊരു നാൽപ്പതാണ്ടി–
ന്നിരുട്ടിൽ ഞാനെന്നു നടുങ്ങിയോ ഞാൻ?

തെളിഞ്ഞുനിൽക്കും മുഴുതിങ്കളേ, നീ
ചൊരിഞ്ഞ മാസാന്തസമൃദ്ധപുണ്യം
മറന്നിതാരബ്ധമനുഷ്യധർമ്മ–
പുനർജ്ജനിക്കുള്ളിൽ നിഗൂഹിതൻ ഞാൻ!

അനേകവർഷം പുറകോട്ടു ചെന്നി–
ട്ടച്ഛന്റെയൊക്കത്തൊരു പൈതലായി
ഇരുന്നുകൊണ്ടെൻ മൃദുവിസ്മയങ്ങൾ
വിണ്ണിന്റെനേർക്കൊന്നു വിടർത്തിടട്ടെ.

ക്ഷണാൽ ഭവദ്വർത്തുളകാന്തിപൂരം
പ്രത്യക്ഷമാം ദൈവതമാകയല്ലി?
മനസ്സിൽ വെള്ളാമ്പൽ വിടർന്നു, മാന–
ത്തനശ്വരപ്രാർത്ഥന സഞ്ചലിച്ചൂ!

ഉടുപ്പിൽ നിന്നച്ഛനെടുത്തുതന്ന
നൂലല്ലി ഞാനുൽക്കടഭക്തിയോടേ
ഭവൽപ്രകാശത്തിനുനേരെയാരാ–
ധിച്ചൂ? ഭവാനിപ്പൊഴതോർമ്മയുണ്ടോ?

അതിന്നുപിമ്പെത്ര വളർന്നുപോയീ
ജഗത്തിലെക്കേവലമാനവത്വം?
അതിന്റെ ജിജ്ഞാസകൾ നീണ്ടുവന്നു
തൊട്ടില്ലയോ നിന്നെയുമൊട്ടുമുമ്പേ?

ആ സ്പർശനത്തിന്നവിചാരിതാഭി–
മാനം വിജൃംഭിക്കുകയാൽ മനുഷ്യൻ
പറഞ്ഞതെന്തമ്പിളിമാമനുള്ള
ചന്തങ്ങളസ്തംഗതമിപ്പൊഴെന്നോ?

എനിക്കു വയ്യക്കഥ വിശ്വസിക്കാ–
നിന്നത്തെയിപ്പൂർണ്ണിമതൻ ചുവട്ടിൽ
ഇന്നത്തെയീ നിർവൃതിഗംഗയിങ്കൽ
കുളിച്ച കണ്ണിൽ കുളിരുദ്ഗമിക്കേ.

അലിഞ്ഞുപോയെൻ കരൾ ചന്ദ്രകാന്തം–
കണക്കെ നിൻശീതളലാളനത്താൽ;
പറഞ്ഞുപോയുണ്ണിയൊടെന്നുടുപ്പിൻ
തലപ്പിൽ നിന്നൂരിയ നൂലുമേന്തി:

''ഈ നൂലെടുത്തമ്പിളിമാമനാരാ–
ധിക്കൂ, നിനക്കസ്സുകൃതാതിരേകം
നൂൽപ്പാലമായ്ത്തീരുമശേഷഭാവി–
ദുഃഖഹ്രദത്തിൻ നിരയം കടക്കാൻ.''

## സ്വാമിയാർ മുത്തപ്ഫൻ

ചില്ലൊളി താവും മർത്ത്യാത്മാക്കൾ, നാഗരികത്വ–
ക്കല്ലറയിലെച്ചതുഷ്ടയനാരകീയത്വം,
ഒടിയൻ മുമ്പേ വിട്ട കരുപോൽ പൂർവാർജ്ജിത–
വിധിതൻ മുമ്പേ പാഞ്ഞു വീണിട്ടും തളർന്നിട്ടും
പകൽക്കൂരിരുൾ കണ്ണിൽക്കുത്തുന്നതറിയാതെ,–
പ്പാതിരാവിലെ നട്ടുച്ചച്ചൂടു ഗൗനിക്കാതെ
ചിരിയായ് കരച്ചിലായ് സ്പന്ദിക്കും സ്വരേതസ്സിൻ
തരിയെപ്പൂജിക്കുന്ന മന്ത്രത്താൽ ജ്വലിക്കുന്ന
രാജവീഥിയിലൂടെ മുമ്പോട്ടു നീങ്ങും ചിത്ര–
രാജിതൻ സ്മൃതിമണ്ഡപത്തിൽ ഞാനുലാത്തുമ്പോൾ
താമ്രപർണ്ണിപോലൊരു വറ്റാത്ത കണ്ണീർക്കുത്തിൽ
താണുതാണുറക്കത്തിൽ പ്രപഞ്ചം മുങ്ങിപ്പോയി.
കുളിതേവാരാൽപ്പരമുണ്ണിതൻ പഞ്ചാക്ഷരം
വിളയും വായിൽ വയമ്പിൻ പുണ്യം മധുരിക്കേ
ഇല്ലത്തെക്കിഴക്കിനിച്ചുമരിൽ മങ്ങിപ്പോയ
ചില്ലിട്ട കൂട്ടിൽ പണ്ടു രണ്ടുപേർ നിവസിച്ചു,
മുണ്ഡിതശിരസ്കനാണെങ്കിലും ശിരസ്സാകെ
മുണ്ടിട്ടു മൂടിട്ടിദ്വണ്ഡധാരിയായ്, പൂണൂലില്ലാ–
തൊരു പൗരുഷശാലി; ആ മുഖത്തുറപ്പിച്ച
തുറുകണ്കളും വെള്ളപ്പൂണുനൂലുമായ് കറു–
പ്പിഴുകിപ്പിടിച്ചതുപോലുള്ള രണ്ടാമന്നു
''പറഞ്ഞാൽ മതി, ചെയ്യാമെന്നു''മെന്നത്രേ ഭാവം.
തർപ്പണംകഴിഞ്ഞച്ഛനെഴുന്നേറ്റുണ്ണിക്കണ്ണി–
ലത്ഭുതം നിരീക്ഷിക്കെച്ചൂണ്ടാണിവിരൽ പൊക്കി:
''ഇദ്ദേഹം തെക്കേമഠം സ്വാമിയാർ, നിൻ മുത്തപ്ഫൻ,
ഇദ്ദേഹം കുട്ടിപ്പട്ടർ,'' ഇന്നുമാക്കഥയോർപ്പേൻ!
ചില്ലുടഞ്ഞിട്ടും കീറിപ്പോയിട്ടുമിന്നാച്ചിത്രം
കല്ലിലുജ്ജ്വലിക്കുമ്പോളെൻ കരൾ തേങ്ങീടുന്നൂ;
ചെന്നു ഞാൻ വീണീലലക്കൊഴിയാക്കാശിപ്രിയൻ
സന്യസ്തപ്രഭാവത്തിന്നന്ത്യവിശ്രമഭൂവിൽ:
പതിവീലൊന്നും കാതിൽ സ്വാമിയാർ മുത്തപ്ഫാ, ''ഞാൻ
പറയുന്നതു ചെയ്യുകെ''ന്ന ശാസനയെന്യേ!

## വിപര്യയം

അജ്ഞാനപീഠം കയറിയകൂട്ടരേ
യജ്ഞം നടത്തുകയുള്ളുവെങ്കിൽ
ചന്ദ്രഗോളത്തിൽ കുരിശു വരച്ചവ–
ന്നെന്തായിരിക്കണം നാമധേയം?

പ്രത്യക്ഷദൃഷ്ടിക്കു ഗോചരമല്ലാത്ത
സത്യത്തിൻകാലം കഴിഞ്ഞുവെങ്കിൽ
കാണാത്ത വിദ്യുൽപ്രാവഹത്തിലോടുന്ന

കാലത്തെപ്പറ്റി നാമെന്തു ചൊല്ലും?

കാലത്തെണീറ്റാൽ കലണ്ടറിൽ നോക്കില്ല
കാലത്തെ മിത്ഥ്യയായ് കാണ്മോനെങ്കിൽ
കൈയിലുയർത്തിപ്പറപ്പിച്ചിടും കൊടി
തിയ്യിലിട്ടാലവന്നെന്തു ചേതം?

ഇന്നാട്ടേ, വിദ്യുൽകണികയേയും പരൽ-
ക്കണ്ണിനാൽ ദർശിച്ച കൂർമ്മബുദ്ധി
യുക്തിതൻ നാഴികവട്ടയെപ്പൂർണ്ണത്തിൽ
മുക്കിയെടുത്തതിൽ മുങ്ങുകയോ?

# ഒരോണപ്പാട്ട്

ഓണംവരുമ്പൊഴെന്തോരോകുറിയും നീ
നാണിച്ചുപോകുന്നതോമലാളേ?
കുന്നത്തു പൂനുള്ളി നിൽക്കെ നീയാദ്യമാ-
യെന്നെക്കണ്ടെത്തിയതോർത്തിട്ടോ?
അന്നു നീ ചുറ്റിയോരോണപ്പുടവയു-
ണ്ടിന്നും മടക്കുലയാതെതന്നെ;
അന്നു നീ മേലിട്ട പൂവിട്ട വേഷ്ടിയോ,
തുന്നത്തു തുന്നിയ പേരോടെ.
അന്നു കണ്ണാന്തളിപ്പൂവിൽനിന്നുണ്ടായൊ-
രാനന്ദമേളമായ് നിൽക്കവേ നീ
ആയിരമക്ഷരപ്പൂട്ടു തുറന്നെന്റെ-
യന്തരാത്മാവിൽ ചെന്നെത്തീലേ?
അന്തരാത്മാവിലെപ്പൊൻചെപ്പിലിന്നുമു-
ണ്ടന്നെനിക്കുണ്ടായ രോമഹർഷം;
ആനവലിച്ചിട്ടനങ്ങീലാപ്പൊൻചെപ്പെ-
ന്നാളുകൾക്കെന്നിട്ടുമാശ്ചര്യം!
ഓണംവരുമ്പൊഴെന്തോരോകുറിയും നീ
നാണത്തിൽ മുങ്ങുന്നതോമലാളേ?
കുന്നത്തു പൂ നുള്ളി നിൽക്കെ നീയാദ്യമാ-
യെന്നെക്കുടുക്കിയതോർത്തിട്ടോ?

# അൽസേഷ്യന്റെ കുര

വിധിയുടെ പൂമുഖവാതിൽക്കലെന്നിലെ-
ബ്ബധിരാഹങ്കാരത്തിൻ മോങ്ങൽ കേൾപ്പൂ!
കരചരണങ്ങളും പല്ലും നഖവുമു-
ണ്ടൊരുമുഴം നാവുമെനിക്കു പക്ഷേ,
അധികാരമില്ലിപ്പുരയുടെ ചുറ്റിലും
കുതികാലിലോടിക്കുരച്ചുതുള്ളാൻ.
തളരാത്ത ബുദ്ധിയും ഘ്രാണേന്ദ്രിയവുമു-
ണ്ടിളകാത്ത കൂറുമെനിക്കു പക്ഷേ,
അധികാരമില്ലിത്തൊടിയിലെ സ്വത്തുക്ക-

ഉപഹരിക്കുംകൈ കടിച്ചറുക്കാൻ.
പകലിന്റെ പടിവാതിലുന്തും വിരുന്നുകാർ
പരിചിതരല്ലാതിരിക്കുകിലും
അരികത്തുരുമ്മി വാലാട്ടിയും ചുംബിച്ചും
പരിലാളനം ചെയ്തുപോന്നവൻ ഞാൻ.
സട കണ്ടാൽ സിംഹത്തെയോർക്കുന്നു കാണിക,–
ളിടിവെട്ടായ് കേൾപ്പിതെൻ കണ്ഠനാദം
അതിനിത്ര കഠിനമാം ശിക്ഷയോ? അതെനിക്കു
വിധിതന്നെയല്ലയോ തന്നരുളി?
പടിവാതിലിന്റെ പുറത്തൊരു ജീവന്റെ
പൊടി കണ്ടാൽ ഞെട്ടിയുണരുവോൻ ഞാൻ!
ഫലമെന്തു? യജമാനൻ കെട്ടഴിക്കും വരെ
തലചായ്ച്ചുറങ്ങാനേ സാദ്ധ്യമാവൂ.
തുടലെൻ കഴുത്തിലെത്തോൽവാറിലുണ്ടെന്നൊ–
രിടനെഞ്ഞുപൊട്ടലുണ്ട,പ്പൊഴേക്കും
കുതറുന്നു ചങ്ങലക്കുറ്റി പറിക്കുവാൻ,
കുനിയുന്നു കണ്ണി കടിച്ചറുക്കാൻ1
കടവായിൽക്കോൺപല്ലിളകിയ നോവപ്പോൾ
തുടുതുടെച്ചാടുന്നൂ നാവിലൂടെ.
ഒരു വെറും ചൊക്കിളിയായിരുന്നെങ്കിലീ–
ക്കരുമന വല്ലതും വേണ്ടതുണ്ടോ?
വിധിയുടെ പൂമുഖവാതിൽക്കലവിരാമ–
ബധിരാഹങ്കാരത്തിൻ മോങ്ങൽ കേൾപ്പൂ!

## ഗജപ്രണയം

നമ്പൂരിപ്പാടന്മാരിൽ നന്നെ പ്രസിദ്ധനായാൾ
നാൽപ്പതു കൊല്ലം മുമ്പേ മരിച്ചുപോയി,
ഭാരതപ്പുഴയുടെ തെക്കേക്കരയിലുള്ള–
കൂരടക്കുന്നിൻ പള്ളയ്ക്കുള്ള കാട്ടിൽ
ഏതോ മനവളപ്പിന്നേകാന്തതപസ്യയിൽ
വേദവേദാന്തങ്ങൾതൻ പൈതൃകത്തിൽ
നൂറ്റെട്ടുകൊല്ലം മുമ്പേ കണ്മിഴിച്ചവൻ പൂണു–
നൂലും കഴുത്തിലിട്ടു നാടുവിട്ടു
അമ്പലക്കുളം കണ്ടാൽ മുങ്ങിയും നിവേദ്യച്ചോ–
റെമ്പ്രാന്റെ വിളക്കത്തു വിഴുങ്ങിയിട്ടും
ചെണ്ടപ്പുറത്തു കോലു വീഴുന്ന ദിക്കിലൊക്കെ
ചെന്നവൻ കാൽ കഴച്ചതെന്തിനെന്നോ?
ആയിരത്താണ്ടുകളെ കണ്ട കൽപ്രതിമപോ–
ലാനയ്ക്കുമുമ്പിൽ കണ്ണും തുറിച്ചു നിൽക്കാൻ!
ഊണെന്തിന്നുറക്കവും? ആനയെക്കണ്ടാൽപ്പിന്നെ
ഊക്കലില്ലയാൾക്കന്തി മുടിക്കലില്ല!
തുമ്പിക്കൈയിളക്കങ്ങൾ കൊമ്പിന്റെ തിളക്കങ്ങൾ
വമ്പൻചെവികളുടെ വീശലുകൾ
വാലുകൊണ്ടുള്ള ചാട്ടവാറടികളെന്നല്ല
മേലാകെക്കൂർത്ത രോമസ്പന്ദനവും
ആ മനുഷ്യൻതന്നിമകൂമ്പിടാക്കണ്ണുകളി–

ലാനന്ദഗോപുരങ്ങൾ വരച്ചുവെച്ചു.
ഏകനായ് തോർത്തുടുത്താ ഹസ്തിലക്ഷണപ്രേമം
പോകയായ് കുന്നലനാടളന്നുതീർക്കാൻ!

ൗൗൗ
നമ്പൂരിപ്പാടന്മാരിൽ നന്നെ പ്രസിദ്ധനായാൾ
നാൽപ്പതുകൊല്ലം മുമ്പേനാടുനീങ്ങി.
നാടുനീങ്ങുന്നതിന്നു നാലുനാൾമുമ്പേ മാണൂർ–
ക്കാടിന്റെ മുതുകത്തെ ചരലിലൂടെ
വാസനാവശഗനബ്ഭൂസുരൻ നടകൊൾകെ
ഗ്ലാസുവിളക്കിൻമുമ്പിലേതു കൊമ്പൻ?
പാലടപ്രഥമന്നു മുന്നിലെന്നപോൽ ക്ഷണാൽ
പാറപ്പുറത്തു ചമ്രംപടിഞ്ഞശേഷം
കണ്ണിമയ്ക്കാതെ നോക്കി ഭാഗ്യവാൻ: തന്റെ മുന്നിൽ
വെണ്ണക്കൊമ്പിളക്കുന്നതേതു കൊമ്പൻ?
കാളിപ്പറയി വിറ്റ കോളുറ്റ മുറംപോലെ
കാതിരുപുറത്തേക്കും വിടർത്തി വീശി
പാതിരാക്കോഴിയുടെ  കൂവലിൽ തലയാട്ടി
പാലപ്പൂങ്കാറ്റിൽ തുമ്പിക്കൈ പരതി
പച്ചിലക്കറുപ്പുകൾക്കപ്പുറത്തുള്ള സഹ്യ–
പർവതത്തലപ്പത്തെപ്പുലർവെളിച്ചം
ഇറ്റിറ്റായംബരത്തിൽ കുത്തിപ്പരന്നൊഴുകി
മറ്റൊരു പകലുണ്ടായ് തീരുവോളം
ആനത്തലവനായി നിന്നവനൊടുവിൽ പു–
ല്ലാനിക്കാടായി മാറാൻ ഹേതുവെന്തേ?
ഘോരമീ വിഷാദത്താൽ,ക്രൂരമാം ചതിയല്ലോ
പാരെന്ന സന്നിപാതജ്ജ്വരത്തിൽ വീഴ്കെ
നമ്പൂരിപ്പാടന്മാരിൽ നന്നെ പ്രസിദ്ധനായാൾ
നാൽപ്പതുകൊല്ലം മുമ്പേമരിക്കിലെന്തേ?
ഇന്നുമുണ്ടാനപ്പിണ്ടിച്ചൂരിലെ സ്വർണ്ണമായി
മിന്നുന്നു വിശുദ്ധമാ ഗജപ്രണയം!

# സംയമം

ധാരപ്പാത്തികൾ കാണുമ്പോൾ പുഷ്പശയ്യകളോർപ്പിതോ
തരിക്കും കൈകാലുകളേ? മറക്കുക സുഖങ്ങളെ!
ധാമ്പന്തരത്തിനും ക്ഷീര ബലയക്കും സാദ്ധ്യമാകുമോ
ചായുവാൻ നേരമില്ലാത്ത ധർമ്മത്തിനു മെഴുക്കിടാൻ?
കാലും കൈയും ശരീരത്തിന്നംശമാവുന്നമാതിരി
വേറെയൊന്നിന്നംശമല്ലോ ‘ഞാ’നാമീ‘ജ്ഞാന’തത്ത്വവം.
ചതുഷ്ടയത്തിന്നുപോലുമിടയില്ലാത്തമാതിരി
ധർമ്മത്തിൽ നീന്തും മകരവ്യാഴത്തിൻദശയല്ലി ഞാൻ?
എങ്കിലും കർക്കടത്തിങ്കലംശിക്കുന്ന ബൃഹസ്പതി
നിങ്ങളെക്കൈകാലുകളേ, ചലിപ്പിപ്പൂ നിരന്തരം.
ജീവിച്ചനാളിലൊട്ടുക്കും സുഖമായിബ്ഭുജിച്ചവർ
അനേകകോടിയുണ്ടെ,ന്നാൽ ബകനായില്ലൊരന്യനും.
ജീവിച്ചനാളിലൊട്ടുക്കും സുഖനിദ്രവരിച്ചവർ
അനേകകോടിയുണ്ടെ,ന്നാൽ ഒറ്റയായ് കുംഭകർണ്ണനും.

ചക്രവാളങ്ങളെക്കാൽമടമ്പുകൊണ്ടു മെതിക്കലും
ആകാശപുഷ്പങ്ങളെക്കൈകൊണ്ടിറുത്തു മണക്കലും
വിയർപ്പിന്റെ സമുദ്രത്തിൽ നീന്തിനീന്തി മരിക്കലും
മരിച്ചാലും മരിക്കാത്ത കണ്ണീർത്തുള്ളിചുരത്തലും
വിധിയാണെന്ന പഞ്ചാരത്തരിമാത്രം ഭുജിക്കിലും
മേഹലാഞ്ഛന കണ്ടിട്ടില്ല,തല്ലീ വിസ്മയാവഹം?
ചരിക്കാനല്ലെങ്കിലെന്തിന്നുണ്ടായീ ചരണദ്വയം?
കരിക്കാനല്ലെങ്കിലെന്തിന്നുണ്ടായ്ത്തീർന്നൂ കരങ്ങളും?
വലിച്ചുകൊണ്ടു പോകട്ടേ ധർമ്മമെന്ന തിമിംഗിലം
എന്റെ കൈയിലിരിക്കുന്ന വലയോടൊപ്പമെന്നെയും.
കൗമാരത്തിൻ മീൻകൊതികളെറിഞ്ഞ വലതന്നകം
കുടുങ്ങിയാ മഹാകായൻ: ജയമാണെൻ  പരാജയം!
ധാരപ്പാത്തികൾ കണ്ടപ്പോൾ പുഷ്പശയ്യകളോർത്തുവോ
തരിക്കും കൈകാലുകളേ? വെറുക്കുക സുഖങ്ങളെ.

# മുത്തച്ഛന്റെ മുത്തം

മുത്തച്ഛന്റെ ചെരിപ്പു ദൂരെ–
യിരടുമ്പോഴേക്കിരുട്ടറ്റുപോം
മുറ്റത്തേക്കു കുതിച്ചുചാടിയഖില–
ബ്രഹ്മാണ്ഡവും കേൾക്കെ നീ
മുഗ്ദ്ധാനന്ദജതിസ്വരത്തൊടെ വിളി–
ച്ചാർത്തില്ലയോ 'വന്നുപോയ്
മുത്തച്ഛൻ', പുളകക്കയത്തിൽ മരവി–
ച്ചില്ലാതെയായന്നു ഞാൻ.

മുത്തച്ഛന്റെ വലിപ്പ,മേറിയതി,താ,
നിൻ നാവിൽ മിട്ടായിപോൽ
മെത്തും മാത്രകളോളമല്ലി? ഇനിയീ–
വാഴ്വിന്റെ കണ്ണീർക്കനം
മുത്തൊക്കും ചുടുവേർപ്പണിഞ്ഞു തഴുകാൻ
നീളേണ്ടു നിൻ താമര–
ക്കൈത്തണ്ടിൻ പരിശുദ്ധി: ഇന്നു ഹരിനാ–
മം മാത്രമെന്നാശ്രയം.

ആരാവട്ടെ നിവർന്നുനിന്നിമയന–
ക്കീടാതെ നിൻ നിഷ്കള–
സ്മേരാഹ്ലാദനവോദയാരുണമുഖം
നിത്യം നുകർന്നീടുവാൻ
ആളാവാതലയുന്ന ഞാൻ, മധുരമാ–
മന്തഃപുരസ്വപ്നമാ–
യാടിപ്പാടി വളർന്നിടുന്ന പൊരുളേ
നിന്നാൽ പ്രസന്നാശയൻ.

തത്തപ്പൊത്തിൽ വിടർന്നുവന്ന മഴവി–
ല്ലിൻ പാട്ടു കേട്ടും കുരു–
ക്കുത്തിപ്പൂങ്കരളിന്റെ മാധുരി മണ–
ത്തും നീ നടന്നീടവേ
മുത്തച്ഛന്റെ പുരാണഭാവനയിലെ–

ക്കാന്താരവാടങ്ങളിൽ–
ത്തത്തും മാമുനിതൻ വരണ്ട ചൊടിയിൽ–
ത്തെറ്റുന്നു ഗായത്രിയോ?

ചായട്ടേ ജഗദംബതൻ കരുണ നിൻ
നാവിൽത്തുളുമ്പും ഹരി–
ശ്രീയിൽ കൈവിരൽ ചോത്തുപോയ്
മണലിലെന്നോരാതിരിക്കേണ്ടയോ?
വായിക്കാൻ കഴിയേണ്ടയോ വരികൾതൻ
മദ്ധ്യത്തിലാ മായതൻ
സ്ഥായീഭാവവിനീതമായ ധവള–
സ്തന്യപ്രവാഹങ്ങളേ?

തൊട്ടാൽ വീണുടയും പളുങ്കുകുടമീ–
യസ്തിത്വ,മെന്നാൽ മുള–
പ്പൊട്ടീടുന്നു ഹതാശകൊണ്ടു തരിശാ–
യിത്തീർന്ന ഞാൻകൂടിയും
കുട്ടാ, നിൻ കളവാങ്മയത്തിൽ, രുചിര–
സ്പർശത്തി,ലെൻ നാസയിൽ–
ത്തട്ടും നിത്യതയായ നിശ്വസിതഹർ
ഷായത്തപുണ്യങ്ങളിൽ

മുത്തച്ഛന്റെ വിയർപ്പുടുപ്പണിമടി–
ത്തട്ടെന്ന സിംഹാസന–
സ്വത്തിൽക്കേറി നിവർന്നിരുന്നു പവിഴ–
ക്കൈമൊലയിട്ടീടവേ
മുത്തം വാരിവിതച്ചിടുന്ന സുകൃതി–
പ്പൂണ്‌പേ, നിനക്കെന്റെയൊ–
സ്യത്തീ പ്രാർത്ഥന: ‘ചക്രവാളമലിയട്ടേ
നിന്റെ ലാലാംബുവിൽ.’

## അപരാധബോധം

**അ**റിയാതെ ഞാനൊന്നു  പുഞ്ചിരിതൂകിപ്പോകെ–
യരികത്തുവന്നാടിക്കുഴഞ്ഞതാരാണാവോ!
പ്രേമമോ തുളുമ്പിയച്ചെഞ്ചുണ്ടിൽ? ആ നീലച്ച
തൂമിഴികളിൽ മുങ്ങിമരിച്ചീല ഞാനെന്തേ?
മുറുക്കാൻ തെറുത്തവൾ തന്നുവോ? അവൾതന്നെ
വിരിച്ച മെത്തപ്പായിൽ കിടന്നോ മയങ്ങീ ഞാൻ?
മുപ്പതിലേറെക്കൊല്ലമുറങ്ങിയെഴുന്നേറ്റി–
ട്ടിപ്പൊഴുമോർക്കുന്നതാ നിഷ്കളങ്കാരാധനം!
പേരെന്തെന്നവളോടു ചോദിക്കാനുണ്ടായില്ല
നേരമെന്നുടൻ പൊട്ടിച്ചീറുന്നതാരെൻ നെഞ്ചിൽ?

ഊഊഊ

ഒരു മുല്ലപ്പൂപോലും ചൂടിച്ചില്ലാ മൗഗ്ദ്ധ്യത്തിൻ
ചുരുളൻ സൗരഭ്യപൂരത്തിലെന്നോ മൽഖേദം?
കവിതേ നിന്നോടുള്ള നിസ്തന്ദ്രപ്രണയത്താ–
ലെവളോടൊക്കെച്ചെയ്തില്ലെന്തെല്ലാമപരാധം?

# മാതൃസന്നിധിയിൽ

കാണുന്നതെന്തീ നഗരത്തിരക്കിൽ
ചില്ലിട്ട ജന്നൽത്തെളിവിങ്കലൂടെ
കുതിച്ചുപോം യാന്ത്രികവാഹനത്തിൻ
കിതപ്പിൽ ഞാൻ ശ്രാവണസംക്രമത്തിൽ?

ഓണം വരും തോട്ടുവരമ്പിലാടി-
ക്കളിപ്പു ഭൂമീപുളകങ്ങൾപോലേ
കണ്ണാന്തളിപ്പൂങ്കവിളത്തുദിച്ച
വിണ്ണിന്റെ ജീവപ്രണയപ്രഭാതം.

കണ്ടത്തിലെപ്പച്ച ജലാശയത്തിൽ
കണ്ണാടിനോക്കാൻ കുനിയുമ്പൊഴേക്കും
പൊട്ടിച്ചിരിച്ചേലിൽ വിടർന്നുവല്ലോ
തുമ്പക്കുടത്തിൻ തരളാത്മഹർഷം.

ഗ്രാമാന്തരീക്ഷത്തിൽ നിറഞ്ഞ കുന്നി-
ന്നീശാനസാനുക്കളിലുജ്ജ്വലിപ്പൂ
ഇല്ലപ്പറമ്പിൻ ഹൃദയത്തിലുള്ള
വില്ലിന്റെ താരസ്വരപത്മരാഗം.

നിലക്കയോ മൽശ്വസിതം? ക്ഷണം ഞാൻ
കാതോർപ്പതേതോട്ടുവളക്കിലുക്കം?
എന്നമ്മ പൂജാസുമസൗരഭത്താൽ
തീറ്റുന്നുവോ പൂവടയുണ്ണിവായിൽ?

വർണ്ണക്കിളിത്തൊണ്ട തുറന്നു മൈലാ-
ഞ്ചിച്ചോപ്പുകൊട്ടും തരളാക്ഷിമാരേ,
സംവത്സരങ്ങൾക്കടിയിൽക്കിളർന്ന
വിണ്ണിന്റെ സമ്പൂർണ്ണത ഞാൻ മുകർന്നു.

ആട്ടക്കളം വേർപ്പുകളാൽ കുതിർക്കാ-
നാണായ്പിറന്നട്ടഹസിക്കുവോരേ,
പ്രത്യക്ഷമാതൃത്വമനുഗ്രഹിക്കെ
യുഗങ്ങൾതൻ ക്ലൈബ്യമകന്നുപോയി.

അരക്ഷണം സ്തബ്ധത; പിന്നെ ഞാനാ-
ക്കണ്ണാടിവാതിൽപ്പൊടിയിൽത്തലോടീ:
കാട്ടാറിലെപ്പാവനപത്മതീർത്ഥം
ചീറ്റും കടക്കണ്ണുടനാർദ്രമായി.

തിരിഞ്ഞു ഞാൻ കോണിയിറങ്ങി; മുന്നിൽ-
ത്തിളങ്ങി വിദ്യുന്മയമീപ്രപഞ്ചം;
ഉണ്ടായ ബോധവ്യതിയാനമോർത്തു
സന്തുഷ്ടിയും സങ്കടവും നുകർന്നു.

പക്കത്തെഴും ബേക്കറിയിങ്കലെൻ കാ-
ലെത്തുമ്പൊഴേക്കും നിരയിട്ടുവെങ്കിൽ
ഇടട്ടെ: അത്താഴമുപേക്ഷണീയ-
മിദ്ധന്യമാം ശ്രാവണസംക്രമത്തിൽ.

# മാസ്റ്റർ

വടികുത്തിക്കൊണ്ടൊരു കണ്ണാടിക്കഷണ്ടി ക–
ണ്ണടയിൽക്കൂടി സ്വന്തം കാലടിവെപ്പോരോന്നും
തുറിച്ചുനോക്കി പ്ലാസ്റ്റിക് സഞ്ചിയും തൂക്കിക്കൂന്നു–
വരുന്നൂ, പായും ടാക്സിമൈക്കിലൂടൊലിക്കുന്നൂ;
''നാളെ രാവിലെ ഭാഗ്യക്കുറിച്ചീട്ടെടുക്കുന്നു:
നാളത്തെ ലക്ഷാധിപൻ നിങ്ങളല്ലെന്നാർ കണ്ടു?''

ഊഊഊ

ഒരുറുപ്പികനോട്ടു കാറ്റിലേക്കെറിയും കൈ–
വിരലിൻവിറ ചീട്ടു കീശയിൽ സ്ഥാപിക്കുമ്പോൾ
നിന്നുപോകുന്നൂ വൃദ്ധപ്രജ്ഞയാക്കവലയിൽ,
പിന്നെ വന്നേടത്തേക്കു തിരിഞ്ഞുനടക്കുന്നു.
''വന്നതെന്തിനാണെന്നു മറന്നൂ പാവം മാസ്റ്റർ,''
പിന്നിൽനിന്നൊരു ചിരി; ചുമയുത്തരം ചൊല്ലി,
''അരിമേടിക്കാമല്ലോ നാളെയും ഇനിയത്തെ–
ക്കുറിച്ചീട്ടെടുക്കാൻ ഞാനുണ്ടാവുമെന്നാർ കണ്ടു?''

# സീതത്താളി

പട്ടണത്തിലെബ്ബഹളത്തിൽനിന്നോടിപ്പോന്നു
പെറ്റ കുഗ്രാമത്തിലെശ്ശാന്തിപൂകുന്നൂ ജീവൻ
കല്പനക്കാലത്തിന്റെ നിശ്ശബ്ദമെത്തപ്പായി–
ലല്പവിശ്രമം തേടിയെഴുന്നേറ്റിരിക്കുന്നു.
ഇന്നലെ രാവിൽപ്പുതുമഴ പെയ്തതുകൊണ്ടു
മന്നിനുന്മിഷത്തായ മനശ്ശാന്തിയെപ്പോലെ
വേനൽക്കൺവിടർത്തുന്നതാരാണീ മുഹൂർത്തത്തിൻ
വേലിക്കൽ? നീ പണ്ടത്തെത്തേവിടിച്ചെടിയല്ലേ?
ചവർപ്പും മതിർപ്പിക്കുമരിപ്പല്ലുകൾകൊണ്ടു
ചവച്ചൂ കൗമാരമിങ്ങെത്ര നിൻ മണിപ്പച്ച?
പടർന്നാച്ചെടിയിന്മേലുണങ്ങിത്തൂങ്ങീടുന്ന
പടുവള്ളിതൻ ദൈന്യം കണ്ടു ഞാനപ്പോഴല്ലോ
വളരെപ്പരിചിതം! എങ്കിലും ജിഹ്വാഗ്രത്തിൽ
വിളയാടുവാൻ ശങ്കിക്കുകയാണതിൻ സംജ്ഞ.
കരിയും നുകവുമായ്പ്പാടത്തേക്കിറങ്ങുന്ന
കർഷകൻ പക്ഷേ, ചൊന്നാൻ: ''ഉണങ്ങീ സീതത്താളി.''
തരളീഭവിക്കുന്നു പെട്ടെന്നെൻ ഹൃദയത്തിൽ
തമസാനദി തേങ്ങുമാദികാവ്യത്തിൻ ദുഃഖം,
കലപ്പച്ചാലിൽപ്പെറ്റുവീണ പാതിവ്രത്യത്തെ
കലപ്പയുന്തുന്നവനോർത്തുവെന്നൊരാനന്ദം!
അല്ലയോ സീതാദേവി, നിന്നഭംഗുരതാധ–
മ്മില്ലസൗരഭമൊരു തേവിടിച്ചെടിയിന്മേൽ
പടർന്നാലെന്താണതു മാനവസ്മരണത–
ന്നിടനാഴികക്കിന്നും തപ്തകാഞ്ചനദീപം!
ഉണങ്ങീ കാലക്കേടാലെങ്കിലും സത്യം വീണ്ടു–
മുണരും, രണ്ടോ മൂന്നോ മഴ പെയ്കയേ വേണ്ടൂ.

## കുളിയും കുറിയും

കുളിക്കാൻ പോയീടിനേൻ പുലരും മുമ്പേ, പക്ഷേ,

കുളിച്ചെത്തുന്നൂ വീട്ടിൽ സന്ധ്യയ്ക്കുശേഷം മാത്രം.
''ഇത്ര താമസമാവാനെന്താണു കുട്ടാ?'' ജന–
യിത്രിതൻ വാത്സല്യാർദ്രവദനം ചോദിക്കുന്നു,
''കുളിച്ചാലപ്പോൾത്തന്നെയിട്ടുകൊള്ളണം ഭസ്മ–
ക്കുറി,'' ആപ്പിതൃവാക്യമപ്പൊഴും മുഴങ്ങുന്നു
ചെവിയിൽ; ഭസ്മക്കുറിയിടുവാനായിട്ടല്ലോ
ചെലവായ് പകലത്തെപ്പന്ത്രണ്ടു മണിക്കൂറും!

ഝഝഝ

കൂടുതലായീ ഭസ്മമൊന്നുകി,ലല്ലെങ്കിലോ
കൂടുതലായീ വെള്ളം, ഈ വൈപരീത്യംമൂലം
കടവിൽ ഭസ്മക്കൊട്ട കാലിയായപ്പോഴല്ലോ
കയറിപ്പോന്നൂ കുളികഴിഞ്ഞ ഭാവത്തോടെ.
അസ്തമിച്ചിരിക്കുന്നൂ സൂര്യനെന്നറിയുന്ന–
തപ്പൊഴാണെ,മ്മട്ടിലിതമ്മയെധരിപ്പിക്കും?

## ബൃഹത്സത്യം

ആട്ടുരോമത്തിന്റെ നീളം മാൻരോമത്തിന്റെ വർണ്ണവും

ഇണങ്ങിച്ചേർന്ന രോമങ്ങൾ കാറ്റിലാടിക്കളിക്കവേ
ഗൗരദംഷ്ട്ര പുറത്തിട്ടു കുതികാലിൽ ചരിപ്പവൻ,
മത്തേഭഗംഭീരരൂപൻ, ശരഭോപമവേഗവാൻ–
അവന്റെ കൈയിലാണെന്റെ ശരീരത്തിന്റെ സംസ്ഥിതി;
അതറിഞ്ഞ നിമേഷത്തിലെന്തിനൊന്നു നടുങ്ങീ ഞാൻ?

ചുവന്ന പട്ടുടുപ്പോടേ കൈയിൽ ദണ്ഡുള്ള മറ്റൊരാൾ,
യജ്ഞശാലയിലെത്തുമ്പോൾ പ്രസന്നസ്മിതഭാസുരൻ,
പുറത്തു സഞ്ചരിക്കുമ്പോൾ ക്രൂരഭാവം വരിപ്പവൻ,
കൈകൊണ്ടു തൊട്ടതഖിലം കലാസുഭഗമാക്കുവോൻ,
വ്രതഭംഗത്തിനാൽ കുപ്തൻ, നിത്യവ്യസനദാരുണൻ –
അവനാണെൻ മനസ്സിന്റെ നിയന്താവെന്ന വാസ്തവം

അറിഞ്ഞപ്പോളെന്തിനായി പൊട്ടിപ്പൊട്ടിക്കരഞ്ഞു ഞാൻ?
എന്നെക്കണ്ടെത്തിടാഞ്ഞിട്ടോ? ഞാനെന്നതൊരു മിഥ്യയോ?
ബൃഹത്സത്യം തന്നെയെന്നാലീ വറ്റാക്കണ്ണുനീർക്കണം!

## പരിദേവനം

തരമാവുന്നില്ലെനിക്കീയിടക്കൊന്നും ദേവീ,

തവസന്നിധാനത്തിൽ മുഖം കാണിക്കാ, നെന്നാൽ
നവയൗവനധർമ്മക്കാട്ടിലും മലയിലും
നടന്നു തളരുമ്പോളോർക്കുവേനിന്നും നിന്നെ,

വഴിപാടായിട്ടെങ്കിൽക്കൂടി ഞാൻ ചെറുപ്പത്തിൽ
തൊഴുതേൻ ഭവച്ഛിലാ വിഗ്രഹത്തെയല്ലല്ലി
മകരവ്യാഴം രാശി ചക്രത്തിലൂടേ ചുറ്റി
മകരത്തിൽത്താനെത്തും മ്ലാനവാസരത്തോളം?
ചന്ദനം ചാർത്തീ പൂണൂലിട്ട ഞാനില്ലേ, നിന്റെ
സുന്ദരബിംബത്തിലെ പൂർവ്വകായാഹ്ലാദത്തിൽ?
തെച്ചിപ്പൂവിതളിലെ പ്പവിഴംപതിച്ചെന്റെ
അന്നണിയിച്ചൂ മലയജസൗരഭംകൊണ്ടു
കൊച്ചു കൈവരിയിലെ സ്സർഗഭാവനല്ലോ
ധന്യമാം ഭവൽക്കണ്ഠനാളത്തിൽപ്പൂണാരങ്ങൾ?
സ്വർണ്ണഗോളകയുടുപ്പിച്ചു ഞാനില്ലേ   നിന്നെ–
പ്പിന്നെ? ഞാൻ നവരത്നശിരസ്ത്രം ചൂടിച്ചില്ലേ?
കാണുവാൻ കഴിഞ്ഞിട്ടില്ലീയിടയ്ക്കൊന്നും ഭവൽ–
ക്കാന്തിമൽക്ഷേത്രം വലംവെച്ചിടുമുഷസ്സിനെ,
കേൾക്കാനും കഴിഞ്ഞില്ല നടയ്ക്കലരയാലിൻ
നാക്കിൽനിന്നുതിരുന്ന ദേവീഭാഗവതം മേ,
തിരുമുറ്റത്തെബ്ബലിക്കല്ലിന്മേൽ തുളസിതൻ
പരിശുദ്ധിയിൽ ചിന്നിക്കിടക്കും നേദ്യച്ചോറിൽ
കൊത്തുവാൻ പറന്നെത്തുമമ്പലപ്രാവിൻ നന്ദി
തത്തിടും കുറുകലുണ്ടിന്നുമെൻ കാതിന്നുള്ളിൽ
ഉണ്ടമാലകൾ കെട്ടിക്കൊണ്ടിരിക്കുമ്പോഴുമുൽ–
ക്കണ്ഠയാൽ വടികുത്തിയെഴുന്നേറ്റുവന്നെന്നെ
എടുത്തുപൊക്കിത്തൊഴുവിച്ചിരുന്നവളിപ്പോ–
ളെവിടെപ്പോയീ ദേവി, വൃദ്ധബ്രാഹ്മണിയമ്മ?
ഒന്നുരണ്ടല്ലാ പന്തീരാണ്ടുകളോടിപ്പോയീ.
പിന്നെയും ജഗത്തിന്റെ രക്തനാഡിയിലൂടെ.
പോറലും മുറിപ്പാടും ചതവും സമ്മാനിച്ച
നീറലായ് ഞങ്ങൾക്കാകെ നിലനിൽപ്പെങ്കിൽക്കൂടി
മറന്നിട്ടില്ലാ ദേവി, നിന്റെ കോവിലിൽവെച്ചു
മധുരീഭവിച്ച മൽബാല്യജീവിതസ്വർഗ്ഗം!
അതു പോരയോ ദേവി, അതുപോരയോ, ധർമ്മ–
ഗതിയിൽ കുളിപോലും മുട്ടി ഞാനുഴന്നാലും?

# കുട്ട്യാറാണന്റെ മുണ്ട്

**കു**ട്ട്യാറാണനും നമ്പൂതിരിയാണ,റിയില്ലേ!
കട്ടിപ്പാവുമുണ്ടല്ലാതുടുത്തിട്ടില്ലാ ശ്രീമാൻ.
അടിക്കോന്തലയെന്നാലരയിൽ പൊക്കിൾക്കീഴിൽ
മടക്കിക്കുത്തിപ്പോന്നൂ മരിക്കുന്നതുവരെ
ഇല്ലത്തു പരുങ്ങുമ്പോളെന്നല്ല സാക്ഷാൽ തിരു–
നെല്ലിക്കു പിണ്ഡംവെക്കാൻ പണ്ടു പോയപ്പോൾപ്പോലും!
കുട്ട്യാറാണൻ ഹാ, കട്ടിപ്പാവുതാനുടുത്തിട്ടും
ചൊട്ടിത്തോർത്തുമുണ്ടെന്നേ ധരിച്ചിട്ടുള്ളൂ ലോകം!

ഊഊഊ

എട്ടാവും മണി കുട്ട്യാറാണന്റെ കഷണ്ടിയിൽ–

ത്തട്ടിയ വെയിൽച്ചൂടാൽ കണ്ണുകൾ മിഴിയുമ്പോൾ
കിണ്ടിവെള്ളത്താൽ പല്ലുതേക്കലും മാവിന്നില–
കൊണ്ടു നാവിലെ വിട്ട വടിച്ചുകളയലും
കഴിഞ്ഞാൽ കട്ടിപ്പാവു കെട്ടുന്നൂ മുലക്കീഴിൽ,
കഴുത്തിൽ കൈക്കോട്ടുമായ് മുറ്റത്തേക്കിറങ്ങുന്നൂ.
പുല്ലുചെത്തുന്നൂ, പശുക്കൾക്കിട്ടുകൊടുക്കുന്നൂ.
'കൊല്ലരുതാരും പശുക്കളെ'യെന്നൊരാളോടും
വിളിച്ചു പറയുവാൻ നിൽക്കാതെയടുക്കള–
ക്കിളിവാതിലിൻനേരേ കണ്ണുകൾ പായിക്കുന്നൂ;
കയറേണമോ തെങ്ങിൽ നെല്ലിയിൽ മുരിങ്ങയിൽ
കറുമൂസയിൽ? പരിഗ്രഹമെന്താശിക്കുന്നു?
ഒടുവിലസനവില്വാദിയിൽ മുങ്ങിക്കുള–
ക്കടവിന്നഭിമുഖമദ്ദേഹം നടക്കുമ്പോൾ
വഴിയിൽക്കാണ്മൂ പൂച്ചക്കാട്ടമോ നായ്ക്കാട്ടമോ?
വഹിയാ പിന്നീടൊറ്റക്കാലടിപോലും വെക്കാൻ
വാക,വാൽമരികയും തിണ്ടത്തുവെച്ചാ ശ്രേഷ്ഠൻ
പോകയായൊരു ചൂലും മുറവും സമ്പാദിക്കാൻ!
മണി മൂന്നാവും കുളിതേവാരാൽപ്പരം പൂജാ–
മണിയൊച്ചകൊണ്ടില്ലമുണരുമ്പൊഴേക്കെ, ന്നാൽ
ഊണൊരു കരിങ്കൊറക്കൃഷിപോൽ ശ്രദ്ധാപൂർവ്വ–
മാണ,തു സമാപിപ്പൂ പാട്ടുരാശിതൻ മൂട്ടിൽ.
മുന്നാഴിയരിച്ചോറും മോർക്കലക്കഴുകലും
മുറ്റത്തെക്കാന്താരിയും വെളിച്ചെണ്ണയുമുപ്പും
കിട്ടണമെന്നേയുള്ളൂ കുട്ട്യാറാണനു, പക്ഷേ,
കിട്ടിയാൽ കൊള്ളാമത്രേ   കുടിക്കൂറിനുശേഷം
കൊട്ടടയ്ക്കതൻ കഷ്ണം, കട്ടനൂറൊരു കരി–
വെറ്റിലക്കീറും, പുകയിലഞെട്ടിയും കൂടി.
പന്നിയൂർത്തിങ്ങൾത്തൊഴുതെത്തുമ്പൊഴല്ലോ പക്ഷേ,
പാണ്ടിശാലയിൽക്കേറി മുറുക്കാൻ മേടിക്കുന്നൂ!
മുറുക്കു കഴിഞ്ഞാലോ ചകലാസെടുക്കുന്നൂ,
മുറയ്ക്കു മൂടിപ്പുതച്ചിരിപ്പൂ പടിയിന്മേൽ
വേനലായാലും വർഷമാകിലും; ത്രിസന്ധ്യക്കു
പാനിവെള്ളംകൊണ്ടൂത്തു ഗായത്രി ജപിക്കുന്നൂ.

ഊഊഊ

ഞെട്ടിയില്ലപോൽ കുട്ട്യാറാണനന്നമ്പത്തേഴിൽ
പൊട്ടിയ ബോംബാൽ പത്തായങ്ങൾ തീപ്പിടിച്ചിട്ടും.
തോളത്തു കൈക്കോട്ടില്ലേ, തൊടിയിൽ ചെമ്മണ്ണില്ലേ?
പൂള നട്ടാനാദ്ധീരൻ കുളിക്കാൻപോകുംവരെ!
ഒന്നുമാത്രമേ കഷ്ടം: നാട്ടുകാർ പറയാറു–
ണ്ടിന്നുമാണ്ടറുതിയിലില്ലക്കാർ കൈകൊട്ടുമ്പോൾ,
''മരിച്ചൂ കുട്ട്യാറാണനിദ്ദിവസമാണല്ലേ?
ധരിച്ചിട്ടില്ലാ ചൊട്ടിത്തോർത്തൊഴിച്ചൊന്നും പാവം!''